بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 9

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 മെയ് 5/ഹി:ശം:1395 ഹിജ്റത്ത് 5/ഹി:ഖ: 1437 റജബ് 27

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. ഹുദൂർ അൻവർ 2016 ഏപ്രിൽ 01ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്വ്ബ ജുമുഅ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം പേജ് 3-ൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**തത്ത്വചിന്തകരുടെ വഞ്ചിയിലിരുന്ന് സംശയങ്ങളുടെ കൊടുങ്കാറ്റിൽനിന്ന് രക്ഷപെടാൻ ആർക്കും സാധ്യമല്ല. എന്നുമാത്രമല്ല മുങ്ങിപ്പോവുകയും ചെയ്യും. ഒരിക്കലുമൊരിക്കലും പവിത്രമായ ഏകദൈവവിശ്വാസത്തിന്റെ ശർബത്ത് അവർക്ക് കിട്ടുകയില്ല. ജീവൽദൈവത്തിന്റെ ജീവസുറ്റ ശക്തി മനുഷ്യൻ കണാത്തിടത്തോളം ശയ്ത്വാൻ അവന്റെ മനസ്സിൽനിന്ന് പുറത്തുപോവുകയോ യഥാർഥ തൗഹീദ് അവന്റെ ഉള്ളിൽ കടക്കുകയോ ദൃഢമായനിലയിൽ ദൈവത്തിന്റെ ആസ്തിക്യം ബോധ്യപ്പെടുകയോ ഇല്ലെന്നുള്ളതാണ് വസ്തുത. ഈ പരിശുദ്ധവും പരിപൂർണവുമായ തൗഹീദ് നബി(സ) തിരുമേനി മുഖേന മാത്രമാണ് ലഭിക്കുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

നബി(സ) തിരുമേനിയിൽ വിശ്വസിക്കാത്ത ഒരുവൻ, അല്ലെങ്കിൽ ഇസ്‌ലാംമതത്തിൽനിന്ന് പുറത്തുപോയ ഒരുവൻ ഏകദൈവവിശ്വാസത്തിൽ നിലകൊള്ളുകയും ദൈവത്തെ ഏകനും പങ്കുകാരനില്ലാത്തവനുമായി കരുതുന്നതുകൊണ്ട് മോക്ഷം പ്രാപിക്കുമെന്നും നിഷേധിക്കുന്നതുകൊണ്ടോ ഇസ്‌ലാമിനെ ഉപേക്ഷിക്കുന്നതുകൊണ്ടോ ഒരു കുഴപ്പവും സംഭവിക്കാനില്ലെന്നുമുള്ള ധാരണയിൽ ശാഠ്യം പിടിച്ചു നിൽക്കുന്നവൻ- അബ്ദുൽ ഹക്കീം ഖാന്റെ മതം പോലെ - സാക്ഷാൽ തൗഹീദിന്റെ യാഥാർഥ്യം അറിയാത്തവനാണ്. ഈ രീതിയിൽ ശയ്ത്വാനും അല്ലഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കുന്നുണ്ടെന്ന് പലപ്രാവശ്യം നാം എഴുതിയിട്ടുണ്ട്. എന്നാൽ, ദൈവത്തെ ഏകനെന്ന് കരുതിയതുകൊണ്ടു മാത്രം മോക്ഷം പ്രാപിക്കാൻ സാധ്യമല്ല. മോക്ഷം രണ്ട് കാര്യത്തിൽ നിക്ഷിപ്തമാണ്. ഒന്ന്, പരിപൂർണ ദൃഢതയോടെ അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലും വിശ്വസിക്കുക. രണ്ടാമത് പ്രതാപവാനായ അല്ലാഹുവിനോടുള്ള സ്നേഹം അവന്റെ മനസ്സിൽ തറച്ചിട്ടുണ്ടായിരിക്കുക. അതായത് ആ സ്നേഹത്തിന്റേയും, ആധിപത്യത്തിന്റേയും ആധികൃത്തിന്റേയും ഫലമായി അല്ലാഹുവിനോടുള്ള അനുസരണം ശരിയായനിലയിൽ അവന്റെ മനസ്സിന് സന്തോഷപ്രദമായിത്തീരുകയും അതുകൂടാതെ അവന് ജീവിക്കാനൊക്കാത്ത ഒരു നില കൈവരിക്കുകയും അവനോടുള്ള സ്നേഹത്തിനു മുമ്പിൽ മറ്റെല്ലാ സ്നേഹവും നിഷ്പ്രഭമായിത്തീരുകയും ചെയ്യുന്നരീതിയിലുള്ള സമ്പൂർണസ്നേഹം, ഇതാണ് യഥാർഥ തൗഹീദ്. ഇത് നമ്മുടെ മാതൃകാപുരുഷനും യജമാനരുമായ ഹദ്റത്ത് മുഹമ്മദ് സ്വല്ലല്ലാഹു അലയ്ഹിവ സല്ലമയെ പിന്തുടരാതെ ഒരിക്കലും ലഭിക്കുകയില്ല. എന്തുകൊണ്ട് ലഭിക്കുകയില്ല? കാരണം അല്ലാഹുവിന്റെ അസ്തിത്വം അദൃശ്യത്തിൽ അദൃശ്യവും പിന്നിന്റെ പിന്നിലുള്ളതും അങ്ങേയറ്റം മറഞ്ഞിരിക്കുന്നതുമാണ്. ഇതിനെ സ്വശക്തികൊണ്ട് മനുഷ്യബുദ്ധിയ്ക്കന്വേഷിച്ച് കണ്ടെത്താൻ കഴിയില്ല. ബുദ്ധിപരമായ ഒരു തെളിവും അവന്റെ അസ്തിത്വത്തിന് അഖണ്ഡിതമായ തെളിവാകുക സാധ്യവുമല്ല. എന്തുകൊണ്ടെന്നാൽ, ബുദ്ധിയുടെ ഓട്ടവും അധ്വാനവും ഈ പ്രപഞ്ചത്തിലെ ശില്പങ്ങൾ കണ്ട് ശില്പിയുടെ ആവശ്യകത മനസ്സിലാക്കാൻവരെ മാത്രമേ ഉപകരിക്കുകയുള്ളൂ. എന്നാൽ, ആവശ്യകത ബോധ്യപ്പെടുക എന്നത് മറ്റൊരു കാര്യമാണ്. ദൈവത്തിന്റെ ആവശ്യകത അംഗീകരിച്ച് അനുമാനജ്ഞാനത്തിന്റെ നിലപ്രാപിക്കുകയെന്നതും ആ ദൈവം ഉണ്ട് എന്ന അനുഭവജ്ഞാനത്തിന്റെ നിലയിലെത്തുന്നതും രണ്ടും രണ്ടാണ്. ബുദ്ധിയുടെ വഴി അപര്യാപ്തവും അപൂർണവും സംശയമുളവാക്കുന്നതുമാണ്. അതുകൊണ്ടുതന്നെ ഒരു തത്ത്വചിന്തകനും ബുദ്ധിമാത്രം പ്രയോഗിച്ച് ദൈവത്തെ കണ്ടെത്താൻ സാധിക്കുകയില്ല. എന്നുമാത്രമല്ല, ബുദ്ധികൊണ്ട് ദൈവത്തെ അറിയാൻ ആഗ്രഹിക്കുന്ന അത്തരക്കാരിലധികവും അവസാനം നിരീശ്വരവാദികളായിത്തീരുകയും ചെയ്യുന്നു. ഭൂമിയിലും ആകാശങ്ങളിലുമുള്ള വസ്തുക്കളുടെ ചിന്ത അവർക്ക് പ്രയോജനമൊട്ടും ചെയ്യുന്നില്ല. അവർ ദൈവത്തിന്റെ പരിപൂർണരായ മനുഷ്യരെ പരിഹസിക്കാനും നിന്ദിക്കാനും തുടങ്ങുന്നു. അവരെന്താണ് ഇതിന് തെളിവായി പറയുന്നത്. നമുക്ക് പ്രയോജനമൊന്നും ചെയ്യാത്ത ആയിരക്കണക്കിന് വസ്തുക്കൾ ലോകത്തുണ്ട്. ഇവയിൽ നമ്മുടെ ബുദ്ധിപരമായ അന്വേഷണംകൊണ്ട് ഒരു സ്രഷ്ടാവിന്റെ വിവരം നൽകുന്നരീതിയിലുള്ള വസ്തുക്കളൊന്നും സ്ഥാപിതമായിട്ടില്ല. എന്നുമാത്രമല്ല, ആ വസ്തുക്കളുടെ നിലനിൽപ്പുതന്നെ കേവലം നിരർഥവും അയഥാർഥവുമായ നിലയിലാണ് നമ്മൾ കാണുന്നത്. അഹോ കഷ്ടം! ഒരു വസ്തുവിനെക്കുറിച്ചുള്ള അറിവിന്റെ അഭാവം ആ വസ്തു ഇല്ലെന്നതിലേക്ക് തെളിവല്ലെന്ന് അജ്ഞരായ ഇവർ അറിയുന്നില്ല. തങ്ങളെ ഒന്നാം നമ്പർ ബുദ്ധിമാന്മാരും തത്ത്വചിന്തകരുമായി മനസ്സിലാക്കുന്നവരും ദൈവാസ്തികൃത്തെ കഠിനമായി നിഷേധിക്കുന്നവരുമായ ഇത്തരമാളുകൾ ഇക്കാലത്ത് ലക്ഷക്കണക്കിനുണ്ട്. ബുദ്ധിപരമായുള്ള എന്തെങ്കിലും ശക്തമായ തെളിവ് അവർക്ക് കിട്ടിയിരുന്നെങ്കിൽ അവർ ദൈവാസ്തികൃത്തെ നിഷേധിക്കുമായിരുന്നില്ലെന്ന് വ്യക്തമാണ്. പ്രതാപവാനായ ദൈവത്തിന്റെ ആസ്തിക്യം സ്ഥാപിക്കുന്ന സംശയരഹിതമായ എന്തെങ്കിലും ബുദ്ധിപരമായ തെളിവ് അവരെ കുറ്റവാളികളാക്കിയിരുന്നെങ്കിൽ, അവർ കടുത്ത ലജ്ജ ഇല്ലായ്മയോടും മുരത്ത പരിഹാസത്തോടും നിറഞ്ഞ നിന്ദ്യതയോടുംകൂടി ദൈവാസ്തികൃത്തെ നിഷേധിക്കുന്നവരാകുമായിരുന്നില്ല. തത്ത്വചിന്തകരുടെ വഞ്ചിയിലിരുന്ന് സംശയങ്ങളുടെ കൊടുങ്കാറ്റിൽനിന്ന് രക്ഷപെടാൻ ആർക്കും സാധ്യമല്ല. എന്നുമാത്രമല്ല മുങ്ങിപ്പോവുകയും ചെയ്യും. ഒരിക്കലുമൊരിക്കലും പവിത്രമായ ഏകദൈവവിശ്വാസത്തിന്റെ ശർബത്ത് അവർക്ക് കിട്ടുകയില്ല. നബി(സ) തിരുമേനിയുടെ ഇടനിലകൂടാതെ തൗഹീദ് ലഭ്യമാകുന്നതാണെന്നും അതുകൊണ്ട് മനുഷ്യന് മോക്ഷം പ്രാപിക്കാവുന്നതാണെന്നുമുള്ള ധാരണ എത്രമാത്രം നിരർഥവും ദുർഗന്ധം വമിക്കുന്നതുമാണെന്ന് ചിന്തിച്ചുനോക്കുക. വിവരമില്ലാത്തവരേ! ദൈവാസ്തികൃത്തിൽ പരിപൂർണ വിശ്വാസമില്ലാതെ അവന്റെ തൗഹീദിൽ എങ്ങനെയാണ് വിശ്വാസമുണ്ടാകുന്നത്. യഥാർഥ തൗഹീദ് നബിമുഖേന മാത്രമേ ലഭ്യമാകുകയുള്ളുവെന്ന് ഉറച്ച് മനസ്സിലാക്കുക. ഏതുപോലെയെന്നാൽ, നമ്മുടെ നബി(സ)തിരുമേനി അറേബ്യയിലെ നിരീശ്വരവാദികളേയും വികലമായ മതങ്ങളേയും ആയിരക്കണക്കിന് ദൈവിക അടയാളങ്ങൾ കാണിച്ച് അല്ലാഹുവിന്റെ ആസ്തിക്യം ബോധ്യപ്പെടുത്തുകയുണ്ടായി. നബി(സ) തിരുമേനിയെ സത്യമായ നിലയിലും പരിപൂർണമായ രീതിയിലും അനുധാവനം ചെയ്യുന്നവർ ഇപ്പോഴും ആ അടയാളങ്ങൾ നിരീശ്വരവാദികളുടെ മുമ്പിൽ സമർപിക്കുന്നു. ജീവൽ ദൈവത്തിന്റെ ജീവസുറ്റ ശക്തി മനുഷ്യൻ കണാത്തിടത്തോളം ശയ്ത്വാൻ അവന്റെ മനസ്സിൽനിന്ന് പുറത്തുപോവുകയോ യഥാർഥ തൗഹീദ് അവന്റെ ഉള്ളിൽ കടക്കുകയോ ദൃഢമായനിലയിൽ ദൈവത്തിന്റെ ആസ്തിക്യം ബോധ്യപ്പെടുകയോ ഇല്ലെന്നുള്ളതാണ് വസ്തുത. ഈ പരിശുദ്ധവും പരിപൂർണവുമായ തൗഹീദ് നബി(സ) തിരുമേനി മുഖേന മാത്രമാണ് ലഭിക്കുന്നത്. നബി മുഖേന വെളിപ്പെടുന്ന ആ ശക്തിമത്തായ ദൃഷ്ടാന്തം ദൈവാസ്തികൃവും ഏകത്വവും സ്ഥാപിക്കുന്നതോടൊപ്പം അവന്റെ സൗന്ദര്യപരവും പ്രതാപപരവുമായ സവിശേഷഗുണത്തേയും സമ്പൂർണമായ നിലയിൽ സ്ഥാപിച്ചുകൊണ്ട് അതിന്റെ മഹത്ത്വവും സ്നേഹവും ജനമനസ്സുകളിൽ നിലനിറുത്തുകയും ചെയ്യുന്നു. ശക്തിമത്തും അജയ്യവുമായ പ്രവചനങ്ങൾ വേരുകളായുള്ള അടയാളങ്ങളാൽ, ദൈവാസ്തികൃത്തിലും ഏകത്വത്തിലും അവന്റെ സൗന്ദര്യപരവും പ്രതാപപരവുമായ സവിശേഷഗുണത്തിലും ദൃഢവിശ്വാസമുണ്ടാക്കുന്നതിന്റെ ഫലമായി മനുഷ്യൻ ദൈവത്തെ അവന്റെ അസ്തിത്വത്തിലും ഗുണങ്ങളിലും ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് അറിയുന്നു. ദൈവത്തിന്റെ വിശേഷഗുണങ്ങളും ആത്മീയ അഴകും അതിരറ്റ സൗന്ദര്യവും കണ്ട് അവനോടുള്ള സ്നേഹത്തിൽ മനുഷ്യൻ, തന്നെ നഷ്ടപ്പെടുത്തുന്നു. പിന്നീട് അവന്റെ മഹത്ത്വത്തിന്റേയും പ്രതാപത്തിന്റേയും സ്വാശ്രയത്തിന്റേയുംമേൽ ദൃഷ്ടിപായിച്ച് അവനെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ നിലയിൽ ഓരോ ദിവസവും അവൻ ദൈവത്തിലേക്ക് വലിക്കപ്പെടുന്നു. എത്രത്തോളമെന്നാൽ, താണബന്ധങ്ങളെല്ലാം വിച്ഛേദിച്ച് റൂഹ് അഥവാ ആത്മാവ് മാത്രം അവശേഷിക്കുന്നു. അവന്റെ ഉൾക്കളം മുഴുവൻ ദൈവസ്നേഹം കൊണ്ട് നിറയുന്നു. ദൈവത്തിന്റെ അസ്തിത്വം നേരിൽ ദർശിച്ചതിനാൽ അവന്റെ സ്വന്തം അസ്തിത്വത്തിന് ഒരു മരണം സംഭവിക്കുന്നു. ആ മരണത്തിനുശേഷം ഒരു പുതു ജീവിതം അവൻ പ്രാപിക്കുന്നു. ആ ഫനായുടെ അഥവാ വിലയനത്തിന്റെ അവസ്ഥയിലാകുമ്പോഴാണ് അവന് തൗഹീദ് ലഭ്യമായി എന്ന് പറയപ്പെടുന്നത്. ഞാനെഴുതിയതുപോലെ മോക്ഷത്തിന്റെ ഉത്ഭവസ്ഥാനമായ ആ പരിപൂർണ തൗഹീദ് പരിപൂർണമായ നബിയെ പിൻപറ്റാതെ കരസ്ഥമാകുകയില്ല. (ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 119-122)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ബ്രിട്ടൻ അഹ്മദിയ്യാ ജമാഅത്തിന്റെ 13-ാമത് വാർഷികസമാധാന സമ്മേളനം അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ അനുഗൃഹീത സാന്നിധ്യം.

## ഇസ്ലാമിന്റെ മനോഹരവും അതുല്യവുമായ അധ്യാപനമനുസരിച്ച് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പ്രഭാഷണം

**ബഹുഭൂരിഭാഗം മുസ്ലിംകളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇസ്ലാമിന്റെ ഈ സമാധാനനിർഭരമായ അധ്യാപനങ്ങളേയും മാധ്യമങ്ങൾ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കേണ്ടതാണ്.**

**പരിപാടിയിൽ പാർലമെന്റംഗങ്ങൾ, രാജ്യത്തെ മന്ത്രിമാർ, വിവിധ രാജ്യങ്ങളിലെ അംബാസിഡർമാർ, സർക്കാരുദ്യോഗസ്ഥർ, മേയർമാർ തുടങ്ങിയ ആദരണീയ വ്യക്തികൾ പങ്കെടുത്തു.**

**ലണ്ടൻ 2016 മാർച്ച് 19** (അൽഫള്ൽ ഇന്റർനാഷണൽ ലണ്ടൻ പ്രതിനിധി): അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 19.3.2016 ശനിയാഴ്ച മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡനിൽ (ലണ്ടൻ) ബ്രിട്ടൻ അഹ്മദിയ്യാ ജമാഅത്തിന്റെ 13-ാമത് വാർഷിക പീസ് കോൺഫ്രൻസിൽ പങ്കെടുക്കുകയും അധ്യക്ഷഭാഷണം നടത്തുകയും ചെയ്തു. ഈ പരിപാടിയിൽ 26 രാജ്യങ്ങളിൽനിന്ന് 900-ൽ അധികം അംഗങ്ങൾ പങ്കെടുത്തു. ഇവരിൽ 500-നടുത്ത ആളുകൾ അനഹ്മദികളും അമുസ്ലിംകളുമായിരുന്നു.

ഈ അവസരത്തിൽ അമീറുൽ മുഅ്മിനീൻ ബഹുമാനപ്പെട്ട ഹദീൽ ഖാസിം സാഹിബയെ (Hadeel Qasim) Ahmadiyya Muslim Prize for the Advancement of Peace നല്കി ആദരിച്ചു. അവർ മധ്യപൗരസ്ത്യദേശത്തെ ദുർഘടം പിടിച്ച അവസ്ഥകളിൽ അഭയാർഥികളായ കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി അസാധാരണമായ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

സമാധാനസമ്മേളനത്തിൽ അമീറുൽ മുഅ്മിനീൻ തന്റെ പ്രഭാഷണത്തിൽ പറഞ്ഞു: ലോകത്ത് സമാധാന സംസ്ഥാപനത്തിന്, നമുക്ക് സമൂഹത്തിന്റെ എല്ലാ തലങ്ങളിലും തുല്യതയുടെ അടിത്തറയിൽ നീതി നിലനിറുത്തേണ്ട ആവശ്യമുണ്ട്. അമീറുൽ മുഅ്മിനീൻ പറഞ്ഞു, ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് ഫോട്ടോകളുടെ നല്ല വശങ്ങളാണ് മാധ്യമങ്ങൾ അവതരിപ്പിക്കേണ്ടത്. ഇതുസംബന്ധമായി അമീറുൽ മുഅ്മിനീൻ പറഞ്ഞു, ഇസ്ലാമിന്റെ സമാധാനപരമായ അധ്യാപനങ്ങളനുസരിച്ച് ലോകം മുഴുവൻ വസിക്കുന്നവരും സമൂഹത്തിന്റെ കരുത്തുറ്റ ഭാഗവുമായ ഭൂരിപക്ഷ മുസ്ലീംകളുടെ കവറേജും മാധ്യമങ്ങൾ നല്കേണ്ടതാണ്. ഇതിന്നെതിരിൽ ഇസ്ലാമിന്റെ പേരിൽ മൃഗീയമായ കുറ്റകൃത്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരുപിടി മുസ്ലീംകളുടെ കവറേജുകൾ അധികമായി ഇന്ന് മാധ്യമങ്ങൾ നല്കിക്കൊണ്ടിരിക്കുന്നതായി നമ്മൾ കാണുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു, മതപരിത്യാഗിക്ക് ഇസ്ലാമിൽ ഒരു ശിക്ഷയുമില്ല. വിശുദ്ധ ഖുർആൻ മതപരമായ സ്വാതന്ത്ര്യത്തിന്റെ ധ്വജവാഹകനാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു, ഭീകരവാദ സംഘടനകൾക്ക് നല്കുന്ന സപ്ലൈലൈൻ തടഞ്ഞാൽ ഇവർ എത്രയും വേഗം നശിക്കുന്നതാണ്. അമീറുൽ മുഅ്മിനീൻ ഈ യോഗത്തിനു പുറമെ നടത്തിയ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു, ബ്രിട്ടൺ യൂറോപ്യൻ യൂണിയന്റെ ഭാഗമായിരിക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു, ഇക്കാലത്ത് ഇസ്ലാമിന്റെ പേരിൽ ഭീകരപ്രവർത്തനം നടത്തുന്നവർ ജനഹൃദയങ്ങളിൽ ഇസ്ലാമിനെ സംബന്ധിച്ച് ഭയമുണ്ടാക്കിയിരിക്കുകയാണ്. ഇസ്ലാമിനെ സംബന്ധിച്ച് ഭയപ്പെടേണ്ടതായ ഒരു കാര്യവുമില്ലാത്തപ്പോഴാണിത്. ഇസ്ലാം സമാധാനത്തിന്റെ മതമാണ്. ആ സമാധാനപരമായ മതത്തിന്റെ പേരിൽ നിർദയമായ കുറ്റകൃത്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവർക്ക് അത്തരം പ്രവർത്തി ചെയ്യാൻ ഇസ്ലാം ഒരിക്കലും അനുവാദം നല്കുന്നില്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു, വിശുദ്ധ ഖുർആനിലെ ആദ്യ അധ്യായത്തിൽത്തന്നെ അല്ലാഹുവിനെ റബ്ബുൽ ആലമീൻ എന്നാണ് പറഞ്ഞിരിക്കുന്നത്. സർവലോകത്തിന്റേയും പരിപാലകൻ. അങ്ങനെ വരുമ്പോൾ തന്റെ സൃഷ്ടികളെ വധിക്കാനും അല്ലെങ്കിൽ അവർക്ക് നഷ്ടം വരുത്താനും അവൻ കല്പന കൊടുക്കുമോ? അമീറുൽ മുഅ്മിനീൻ പറഞ്ഞു, ഇസ്ലാം പരസ്പരം സംസാരിച്ചും ചർച്ചകൾ നടത്തിയും കാര്യബോധത്തോടും ധാരണയോടുകൂടി കാര്യങ്ങൾ പരിഹരിക്കാനാണ് പ്രേരിപ്പിക്കുന്നത്.

പക്ഷേ, മറ്റു നിർവാഹമൊന്നുമില്ലാതെ വരുമ്പോൾ അവിടെ സമാധാന സംസ്ഥാപനത്തിന് ശക്തി പ്രയോഗിക്കുന്നതിൽനിന്ന് തടയുന്നുമില്ല. അമീറുൽ മുഅ്മിനീൻ പറഞ്ഞു, ഇസ്ലാമിൽ ശിക്ഷയുടെ സങ്കല്പം പകരം വീട്ടുന്ന രീതിയിൽ ഇല്ല. ഇതിനെതിരിൽ ഏതെങ്കിലും കുറ്റകൃത്യത്തിന് ശിക്ഷ നല്കുന്നതിന്റെ ഉദ്ദേശ്യം കുറ്റവാളിയുടേയും സമൂഹത്തിന്റേയും പരിഷ്കരണവും ക്ഷേമവുമല്ലാതെ മറ്റൊന്നുമല്ല.

ഇസ്ലാമിനെക്കുറിച്ച് പറയപ്പെടുന്ന ഒരു വലിയ തെറ്റുധാരണയെ അകറ്റിക്കൊണ്ട് അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്ലാമിൽ മതപരിത്യാഗിക്ക് ഒരു ശിക്ഷയുമില്ല. ഇതിനെതിരിൽ മതപരമായ സ്വാതന്ത്ര്യത്തിന്റെ സംസ്ഥാപനവും അതിന്റെ വ്യാപനവും ഇസ്ലാമിന്റെ അടിസ്ഥാനപരമായ സിദ്ധാന്തങ്ങളിൽപ്പെട്ടതുമാണ്. ഒരു മുസ്ലിം ഇസ്ലാമിനെ ഉപേക്ഷിക്കാൻ ഉദ്ദേശിച്ചാൽ അവന് അതുപേക്ഷിക്കാനുള്ള അനുവാദമുണ്ട്. ഒരു സർക്കാരിനും ഒരു സംഘടനയ്ക്കും ഒരു വ്യക്തിക്കും ഒരു തരത്തിലുള്ള ശിക്ഷയും അവന് നല്കാൻ അവകാശമില്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു, മാധ്യമങ്ങൾ സമൂഹത്തിൽ പോസ്റ്റീവായിട്ടുള്ള കാര്യങ്ങൾ പ്രചരിപ്പിക്കേണ്ടതാണ്. മാധ്യമങ്ങൾ ഇന്ന് അതിശക്തമായ കാര്യമാണ്. സമൂഹത്തിൽ നല്ല ഗുണങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി അവർ തങ്ങളുടെ ശക്തി ഉപയോഗിക്കേണ്ടതാണ്. ലോകത്തുള്ള മുസ്ലീംകളിൽ ബഹുഭൂരിഭാഗവും സമാധാനകാംക്ഷികളാണെന്നും ഇസ്ലാമിന്റെ സമാധാനപരമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്നും ഇപ്രകാരംതന്നെ ഒരുപിടി മുസ്ലീംകൾ മാത്രമാണ് ഭീകരവാദ പ്രവർത്തനങ്ങൾ ചെയ്യുന്നതെന്നും അവർക്ക് ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളുമായി ഒരു ബന്ധവുമില്ലെന്നും അവർ ലോകത്തിന് കാണിച്ചുകൊടുക്കണം. അമീറുൽ മുഅ്മിനീൻ പറഞ്ഞു, പബ്ലിസിറ്റി ചില ഭീകരവാദ സംഘടനകളുടെ നിലനില്പിന് ഓക്സിജനായതുകൊണ്ട് ഇങ്ങനെ ചെയ്യേണ്ടത് നിർബന്ധവുമാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു, സിറിയൻ ജനതയുടെ അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് പാശ്ചാത്യരാജ്യങ്ങൾ സിറിയൻ ഭരണകൂടവുമായി ചർച്ചകൾക്കുള്ള വഴി തുറന്നുവെക്കേണ്ടതാണ്. ഭരണകൂടങ്ങളും സംഘടനകളും ഏതെങ്കിലും ഭരണകൂടത്തെ അട്ടിമറിക്കുന്നതിനുപകരം(regime)സമാധാനത്തിന്റെ ദൃഢമായ സ്ഥാപനത്തിന് ശക്തി ചെലുത്തുന്നത് നന്നായിരിക്കും. അവർ ലിബിയയിൽനിന്നും ഇറാഖിൽനിന്നും പാഠം പഠിക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു, ഇന്നുവരെ ഭീകരസംഘടനകളുടെ സപ്ലൈലൈൻ വിച്ഛേദിക്കാൻ കഴിഞ്ഞിട്ടില്ല. താൽക്കാലിക നേട്ടത്തിനുവേണ്ടി അവരുമായി ആയുധങ്ങളുടേയും എണ്ണയുടേയും വാണിജ്യപരമ്പര തുടർന്നു വരികയാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു, എല്ലാ ഭരണകൂടങ്ങളും മനുഷ്യത്വം നിറഞ്ഞ വികാരങ്ങൾക്ക് വ്യാപനം നല്കുന്നതിനുവേണ്ടി തങ്ങളുടെ ഉത്തരവാദങ്ങൾ മനസ്സിലാക്കുന്നവരും പ്രവർത്തിക്കുന്നവരും ആയിത്തീരുന്നതിനുവേണ്ടി ഞാൻ പ്രാർഥിക്കുന്നു. നീതിയുടെ ശക്തമായ അടിത്തറയിൽ ലോകത്ത് സമാധാന സംസ്ഥാപനമുണ്ടാകാൻ വേണ്ടി ഞാൻ പ്രാർഥിക്കുന്നു.

അമീറുൽ മുഅ്മിനീന്റെ പ്രസംഗത്തിനു മുമ്പേ ഈ പരിപാടിയിൽ ആദരണീയരായ ചില വ്യക്തികൾ സംസാരിക്കുകയുണ്ടായി. ബ്രിട്ടൺ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അമീർ റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ്, പാർലമെന്റംഗം Siobhain McDonagh, പാർലമെന്റംഗവും മേയർ ഓഫ് ലണ്ടൻ സ്ഥാനാർഥി (2016 തിരഞ്ഞെടുപ്പിൽ)യുമായ Zac Goldsmith, ഭീകരവാദ നിരോധനകാര്യ മന്ത്രി ബഹുമാന്യനായ ലോഡ് ത്വാരിഖ് അഹ്മദ് ബി.ടി. സാഹിബ്, ഇന്റർനാഷണൽ ഡവലപ്പ്മെന്റ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് ജസ്റ്റിൻ ഗ്രീനിംഗ് (Justine greening) എന്നിവർ അതിൽപെടുന്നു.

ആദരണീയരായ പ്രസംഗകർ ലോകത്തിന്റെ അവസ്ഥയ്ക്കും സമാധാനസംസ്ഥാപനത്തിന്റെ പ്രാധാന്യത്തിനും ഊന്നൽ നല്കിക്കൊണ്ട് അമീറുൽ മുഅ്മിനീന്റെ പ്രവർത്തനത്തെ ശ്ലാഘിക്കുകയും ശക്തമായ സമാധാന സംസ്ഥാപനത്തിനും അതിന്റെ വ്യാപനത്തിനുംവേണ്ടി ശക്തിചെലുത്തുകയും ചെയ്തു. (അൽഫള്ൽ ഇന്റർനാഷണൽ 2016 ഏപ്രിൽ 15 പേജ് 2)

# ഖുത്ബ ജുമുഅ

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ലിഖിതങ്ങളിലും പ്രസംഗങ്ങളിലും സദസ്സുകളിലും ചില കാര്യങ്ങൾ ഉദാഹരണസഹിതം വിവരിക്കാറുണ്ടായിരുന്നു. അത് നമുക്ക് സ്വഹാബാക്കളുടെ നിവേദനങ്ങളിൽനിന്ന് ലഭിക്കുന്നു. പക്ഷേ, ഇക്കാര്യത്തിൽ നമ്മുടെമേൽ ഏറ്റവും വലിയ ഔദാര്യം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റേതാണ്. അദ്ദേഹം തന്റെ ഖുത്ബകളിലും പ്രസംഗങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ച കാര്യങ്ങൾ വിശദീകരിച്ചു. അത് പൊതുവിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സ്വയം കണ്ടതോ കേട്ടതോ അല്ലെങ്കിൽ സമീപസ്ഥരായ സ്വഹാബാക്കൾ അദ്ദേഹത്തിന് പറഞ്ഞുകൊടുത്തതോ ആണ്. അങ്ങനെ ഉദാഹരണങ്ങളിലൂടെ കാര്യങ്ങൾ മനസ്സിലാക്കുക എന്നത് എളുപ്പമായിത്തീരുന്നു. ഞാൻ കഴിഞ്ഞ കുറച്ചുകാലമായി ഇക്കാര്യങ്ങളും നിവേദനങ്ങളും ഖുത്ബകളിൽ വിവരിച്ചുവരുന്നുണ്ട്. ഈ ഉദാഹരണങ്ങളിലൂടെ അല്ലെങ്കിൽ സംഭവവിവരണങ്ങളിലൂടെ തങ്ങൾക്ക് എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചുവെന്ന് പറഞ്ഞുകൊണ്ടുള്ള ഒരുപാട് കത്തുകളും എനിക്ക് വന്നുകൊണ്ടിരിക്കുന്നുണ്ട്. ഏതായിരുന്നാലും ഇതുമായി ബന്ധപ്പെട്ടുതന്നെയാണ് ഇന്നത്തെ ഖുത്ബയും.
ഇന്ന് ഇസ്‌ലാമിക രാജ്യങ്ങളിൽ ഹർത്താലുകളും രാജ്യദ്രോഹപ്രവർത്തനങ്ങളും ഉണ്ടാകുന്നുണ്ട്.
ഇവിടെ സാത്താനിക ശക്തികൾ പ്രവർത്തിക്കുന്നതിനുപുറമെ പരസ്പരം കടമകൾ നിറവേറ്റാത്തതുകാരണം പൊതുവെ പൊതുജനങ്ങൾക്കും ഭരണകൂടങ്ങൾക്കുമിടയിൽ അസ്വസ്ഥതകളും ഉണ്ടാകുന്നു.
നമ്മൾ ചെയ്യുന്ന അത്തരം അലസതകൾ നമ്മുടെ രോഗങ്ങളിലേക്ക് ബന്ധിപ്പിക്കാതിരിക്കുക. കാരണം അലസരായിരിക്കുന്നവർക്കും ഇക്കാരണത്താൽ തങ്ങളുടെ നിർബന്ധ കടമകളിൽ വീഴ്ചവരുത്തുന്നവർക്കും ശാരീരികമായ മലേറിയ അല്ല ബാധിച്ചിട്ടുള്ളത്. പ്രത്യുത മനസ്സിനാണ് മലേറിയ ബാധിച്ചിട്ടുള്ളത്. തങ്ങളെന്തായാലും പ്രവർത്തിക്കണമെന്ന് തീരുമാനിക്കുകയാണെങ്കിൽ ഈ എല്ലാ അലസതകളും അകറ്റാൻ കഴിയുന്നതാണ്.
ചില ഭർത്താക്കന്മാർ ഹഖ് മഹർ കൊടുക്കുന്നത് അവിടെ നില്ക്കട്ടെ, ഭാര്യ സ്വന്തമായി ജോലിചെയ്തുണ്ടാക്കുന്നതിലും നിയന്ത്രണം ഏർപെടുത്തുന്നു. എന്നോടു ചോദിക്കാതെ നീ ചെലവഴിക്കരുത്, നിനക്കുകിട്ടുന്ന വേതനം മുഴുവൻ എനിക്കു തരണം, അല്ലെങ്കിൽ കുറഞ്ഞത് ഇത്രഭാഗം അതിൽനിന്ന് എനിക്കുതരണം, എന്റെ ബാങ്ക് അക്കൗണ്ടിലിട്ടുകൊള്ളണം എന്നൊക്കെ പറയാറുണ്ട്. ഇത് തികച്ചും അന്യായമാണ്. ഇപ്രകാരംതന്നെ ചില ദരിദ്രകുടുംബങ്ങളിലും ദരിദ്രരാജ്യങ്ങളിലും ചിലസ്ഥലങ്ങളിൽ വിവാഹസമയത്ത് മാതാപിതാക്കന്മാർ ഹഖ് മഹർ പെൺകുട്ടിയുടെ ഭർത്താവിൽനിന്നോ ഭർത്താവിന്റെ വീട്ടുകാരിൽനിന്നോ നേരിട്ട് വസൂൽ ചെയ്തെടുക്കാറുണ്ട്. പെൺകുട്ടിക്ക് ഒന്നുംതന്നെ കിട്ടുകയുമില്ല. അവൾ വിവാഹം കഴിഞ്ഞ് ഒഴിഞ്ഞ കൈയോടെ ഇരിക്കേണ്ടിവരുന്നു. ഇതും അന്യായമാണ്. ദീനിലേക്ക് മാത്രം ശ്രദ്ധ പതിപ്പിക്കേണ്ടത് നിർബന്ധ കടമയായി കരുതുന്ന ചിലയാളുകളുണ്ട്. അല്ലാഹു അവരെ ആ ജോലിക്കുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ, മറ്റുള്ളവർ കേവലം ലോകത്തു വസിക്കുന്നവരാണ്. അവർ ഭൗതികമായി സമ്പാദിക്കുകയും പിന്നീട് തന്റെ ധനത്തിന്റേയും സമയത്തിന്റേയും കുറച്ചുഭാഗം ചെലവഴിക്കുകയും ചെയ്തുകൊള്ളട്ടെ. ആരാധനകളിലും ദീനീപ്രവർത്തനങ്ങളിലും തങ്ങളുടെ സമയം ചെലവഴിക്കട്ടെ. ഇസ്തിഗ്ഫാർ ചെയ്യട്ടെ. ദുആകളും ചെയ്യട്ടെ. നമ്മുടെ അധ്യാപനങ്ങൾക്കും പാരമ്പര്യങ്ങൾക്കും വിരുദ്ധമായ കാര്യങ്ങളാണെങ്കിൽ അതിൽനിന്ന് നമ്മൾ രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. ഭൗതികമായ കാര്യങ്ങൾ നമ്മൾ അനുകരിക്കണമെങ്കിൽ ഒന്നാമതായി പറയാനുള്ളത് ഇത് ഭൗതികതയുടെ അനുകരണമേ അല്ലെന്നാണ്. ഇനി ഏതെങ്കിലും കാര്യങ്ങളിൽ അനുകരിക്കണമെങ്കിൽ അല്ലാഹു നമ്മളോടു പറഞ്ഞിട്ടുള്ളത് നബി(സ)തിരുമേനിയാണ് നിങ്ങൾക്ക് ഉത്തമമാതൃക എന്നാണ്. ആ മഹാത്മാവിനെ അനുകരിക്കേണ്ടതാണ്. അല്ലെങ്കിൽ ഇക്കാലത്ത് അല്ലാഹു നമ്മുടെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ മാതൃക ആക്കിയിട്ടുണ്ട്. അദ്ദേഹം എന്തൊന്ന് തന്റെ യജമാനനിൽനിന്ന് പഠിച്ചുവോ അത് നമ്മളോടു പറഞ്ഞു. അതനുസരിച്ച് നമ്മൾ നടക്കേണ്ടതാണ്. വിവാഹത്തിന്റെ യഥാർഥ ഉദ്ദേശ്യം മനഃസമാധാനവും തലമുറ നിലനില്ക്കലുമാണ്. അതുകൊണ്ട് അല്ലാഹുവിനോട് അവന്റെ അനുഗ്രഹമാണ് തേടേണ്ടത്. അല്ലാഹുവിന്റെ പക്കൽ ഉത്തമമാണെങ്കിൽ നടക്കട്ടെ. ഇല്ലെങ്കിൽ മനസ്സിൽനിന്ന് അതിറങ്ങി പോകട്ടെ. ആ പ്രശ്നം അങ്ങനെ അവസാനിക്കട്ടെ. ഈ സ്നേഹം ഭൗതികപരമാണ്. ഭൗതികം താൽക്കാലികമായ സ്നേഹമാണ്. അല്ലാഹുവിന്റെ സ്നേഹമാണ് തേടേണ്ടത്.
ഗ്ലാസ്ഗോയിലെ സയ്യിദ് നഈം ശാഹ് സാഹിബിന്റെ മകൻ സയ്യിദ് അസദുൽ ഇസ്‌ലാം ശാഹ് സാഹിബിന്റെ ശഹാദത്തും അനുസ്മരണവും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

2016 ഏപ്രിൽ1/1395 ശഹാദത്ത് 01
മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ

اِشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി വായിച്ചിരുന്നു. നിങ്ങൾ എന്റെ കാലഘട്ടത്തിൽ ജനിച്ചതുകൊണ്ട് സന്തോഷിക്കുകയും സന്തോഷംകൊണ്ട് തുള്ളിച്ചാടുകയും ചെയ്യുക, കാരണം അല്ലാഹു നിങ്ങളെ ഇക്കാലഘട്ടത്തിൽ സൃഷ്ടിച്ചുകൊണ്ട് മസീഹ് മൗഊദിന്റെ കാലഘട്ടം കാണാൻ ഭാഗ്യം സിദ്ധിച്ച ഭാഗ്യവാന്മാരിൽ ഉൾപ്പെട്ടവരാക്കിത്തീർത്തിരിക്കുന്നുവെന്ന് അതിൽ ആ മഹാത്മാവ് പറഞ്ഞിരുന്നു. ഈ കാലഘട്ടം പ്രതീക്ഷിച്ചുകൊണ്ട് എത്രയെത്ര സമൂഹങ്ങൾ ലോകത്തുനിന്ന് കടന്നുപോയി. ആശയം ഇതുതന്നെയായിരുന്നു. അത് ഞാനെന്റെ വാക്കുകളിൽ ഇപ്പോൾ പറഞ്ഞുവെന്ന് മാത്രം! അഹ്മദികളായ നമ്മൾ തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത സൗഭാഗ്യവാന്മാരിൽപ്പെടുകയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരുടെ കൂട്ടത്തിൽ ചേർന്നവരാകുകയും ചെയ്തു. മസീഹ് മൗഊദിന്റെ കാലഘട്ടം ലഭിച്ചിട്ടും ബയ്അത്തു ചെയ്യാൻ ഭാഗ്യം സിദ്ധിക്കാത്ത നിർഭാഗ്യരിൽപ്പെട്ടവരല്ല നമ്മൾ. കാരണം എതിർപ്പിലും മുൻപന്തിയിൽ നില്ക്കുന്ന ചില നിർഭാഗ്യരുമുണ്ട്. അങ്ങനെ അല്ലാഹുവിന്റെ ദൂതന്റെ മാർഗദർശനം നിഷേധിക്കപ്പെട്ട് വഴിതെറ്റുകയും കക്ഷിപ്രതികക്ഷികളായിത്തീരുകയും ചെയ്തിരിക്കുന്നു. ഇക്കാര്യത്തിന് നമ്മൾ അല്ലാഹുവിന് എത്രതന്നെ നന്ദി രേഖപ്പെടുത്തിയാലും അത് കുറവായിരിക്കും. അവൻ നമുക്ക് ശരിയായ മാർഗത്തിലേക്ക് മാർഗദർശനം നല്കി. നമുക്ക് ജീവിതത്തിന്റെ വിവിധ അവസരങ്ങളിൽ ഉയർന്നു വരുന്ന പ്രശ്നങ്ങൾക്കും ചോദ്യങ്ങൾക്കും ശരിയായ ഇസ്‌ലാമികാധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ പരിഹാരം താൻ അയച്ച ഇമാമിലൂടെ നല്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ലിഖിതങ്ങളിലും പ്രസംഗങ്ങളിലും സദസ്സുകളിലും

ചില കാര്യങ്ങൾ ഉദാഹരണസഹിതം വിവരിക്കാറുണ്ടായിരുന്നു. അത് നമുക്ക് സ്വഹാബാക്കളുടെ നിവേദനങ്ങളിൽനിന്ന് ലഭിക്കുന്നു. പക്ഷേ, ഇക്കാര്യത്തിൽ നമ്മുടെമേൽ ഏറ്റവും വലിയ ഔദാര്യം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റേതാണ്. അദ്ദേഹം തന്റെ ഖുത്ബകളിലും പ്രസംഗങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ച കാര്യങ്ങൾ വിശദീകരിച്ചു. അത് പൊതുവിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്വയം കണ്ടതോ കേട്ടതോ അല്ലെങ്കിൽ സമീപസ്ഥരായ സ്വഹാബാക്കൾ അദ്ദേഹത്തിന് പറഞ്ഞുകൊടുത്തതോ ആണ്. അങ്ങനെ ഉദാഹരണങ്ങളിലൂടെ കാര്യങ്ങൾ മനസ്സിലാക്കുക എന്നത് എളുപ്പമായിത്തീരുന്നു. ഞാൻ കഴിഞ്ഞ കുറച്ചുകാലമായി ഇക്കാര്യങ്ങളും നിവേദനങ്ങളും ഖുത്ബകളിൽ വിവരിച്ചുവരുന്നുണ്ട്. ഈ ഉദാഹരണങ്ങളിലൂടെ അല്ലെങ്കിൽ സംഭവവിവരണങ്ങളിലൂടെ തങ്ങൾക്ക് എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചുവെന്ന് പറഞ്ഞുകൊണ്ടുള്ള ഒരുപാട് കത്തുകളും എനിക്ക് വന്നുകൊണ്ടിരിക്കുന്നുണ്ട്. ഏതായിരുന്നാലും ഇതുമായി ബന്ധപ്പെട്ടുതന്നെയാണ് ഇന്നത്തെ ഖുത്ബയും.

ഒരു ഖുത്ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹർത്താലുകളും സ്ട്രൈക്കുകളും (Strikes) അനുവദനീയമാണോ എന്ന വിഷയം വിവരിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് അടിസ്ഥാനപരമായി ഹർത്താലുകളെന്തുകൊണ്ടാണ് ഉണ്ടാകുന്നതെന്ന് നോക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാന കാരണമെന്താണ്? അതിനുകാരണം അവകാശങ്ങൾ നല്കപ്പെടുന്നില്ല എന്നതാണ്. ഭൗതികവ്യവസ്ഥിതിയിൽ ചിലപ്പോൾ മുതലാളി, തൊഴിലാളിയുടെ അവകാശം നല്കുന്നില്ല. പിന്നീട് തൊഴിലാളിക്ക് അവസരം ലഭിക്കുമ്പോൾ മുതലാളിയുടെ അവകാശവും കൊടുക്കുന്നില്ല. ഒരു അസ്വസ്ഥത ഉണ്ടാകുന്നു. ചിലപ്പോൾ ഭരണകൂടം പൊതുജനങ്ങളുടെ അവകാശം നല്കുകയില്ല. ചിലപ്പോൾ പൊതുജനങ്ങൾ ഭരണകൂടത്തിനുള്ള അവകാശവും നല്കുകയില്ല. മുതലാളിയും ഭരണകൂടവും അവകാശങ്ങൾ നല്കാതിരിക്കുമ്പോൾ ഒരു പ്രതിപ്രവർത്തനം ഉണ്ടാകുന്നു. അവകാശം നല്കാതിരിക്കുമ്പോൾ തൊഴിലാളിയുടേയും പൊതുജനങ്ങളുടേയും മേൽ ബലപ്രയോഗം ഉണ്ടാകുന്നു. ഭൗതികജോലികളിലുള്ള ഒരു സാത്താനിക ചതിയാണിത്. ഇതിൽ മനുഷ്യൻ കുടുങ്ങി കിടക്കുകയാണ്. അതുകൊണ്ടാണ് നിങ്ങൾ പരസ്പരം അന്യരാകാതെ സഹോദരന്മാരായി അവരവരുടെ ഉത്തരവാദങ്ങൾ നിറവേറ്റാൻ പരിശ്രമിക്കുക എന്ന് ഇസ്‌ലാം പറഞ്ഞിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ഭൗതികവ്യവസ്ഥിതിയായിരുന്നാലും ഒരിക്കലും മോശമാകുകയില്ല. ഇസ്‌ലാമികാധ്യാപനങ്ങളുടേയും ഇസ്‌ലാമിക സംസ്കാരത്തിന്റേയും ചുരുക്കമാണിത്. ഇതുകേവലം ഇസ്‌ലാമികഭരണകൂടവുമായി ബന്ധപ്പെട്ട ഒന്നല്ല. മറിച്ച് പൊതുവെ ഭൗതികഭരണകൂടത്തിലും നമ്മുടെ ഉത്തരവാദം നിറവേറ്റിക്കൊണ്ട് പ്രവർത്തിക്കേണ്ടതാണ്. അവകാശം നേടേണ്ട പ്രശ്നം വരുമ്പോൾ സ്ട്രൈക്കിനും ഹർത്താലുകൾക്കും നിയമലംഘനമാർഗങ്ങൾക്കും പകരം അനുവദനീയമായ നിയമമാർഗങ്ങൾ അവലംബിക്കേണ്ടതാണ്. ഏതായിരുന്നാലും ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, സംസ്കാരത്തെ സംബന്ധിച്ചുള്ള ഇസ്‌ലാമികകെട്ടിടത്തിന്റെ അടിസ്ഥാനം നീതിയിലും സ്നേഹത്തിലുമാണ്. അതുകൊണ്ട് നിങ്ങളുടെ അവകാശങ്ങൾ നേടുന്നതിനും നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ മാർഗം സ്വീകരിക്കേണ്ടതാണ്. ഇക്കാരണത്താലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് എപ്പോഴെങ്കിലും സമരമുണ്ടാകുകയോ ഏതെങ്കിലും അഹ്മദി അതിൽ പങ്കെടുക്കുകയോ ചെയ്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാൾക്ക് കഠിനമായ ശിക്ഷ നല്കിയിരുന്നത്. അയാളോടു വെറുപ്പും പ്രകടിപ്പിക്കുമായിരുന്നു.(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17 പേജ് 133)

ഇന്ന് ഇസ്‌ലാമിക രാജ്യങ്ങളിൽ ഹർത്താലുകളും രാജ്യദ്രോഹപ്രവർത്തനങ്ങളും ഉണ്ടാകുന്നുണ്ട്. ഇവിടെ സാത്താനികശക്തികൾ പ്രവർത്തിക്കുന്നതിനുപുറമെ പരസ്പരം കടമകൾ നിറവേറ്റാത്തതുകാരണം പൊതുവെ പൊതുജനങ്ങൾക്കും ഭരണകൂടങ്ങൾക്കുമിടയിൽ അസ്വസ്ഥതകളും ഉണ്ടാകുന്നു. അഥവാ ഭരണകൂടം നീതിയിലധിഷ്ഠിതമായ ഭരണമാണ് നടത്തുന്നതെങ്കിൽ കുഴപ്പങ്ങൾ പരത്തുന്ന സാത്താനികശക്തികൾക്കും അല്ലെങ്കിൽ കുഴപ്പമുണ്ടാക്കുന്ന ബാഹ്യശക്തികൾക്കും അവസരം ലഭിക്കുകയില്ല. കാരണം പൊതുജനങ്ങളുടെ അവകാശങ്ങൾ അവർക്ക് കൊടുക്കപ്പെടുന്നുണ്ടെങ്കിൽ അവർ ഏതെങ്കിലും മൗലവിയുടേയോ കുഴപ്പക്കാരന്റേയോ ദ്രോഹിയുടേയോ കലാപകാരിയുടേയോ പിന്നാലെ പോകുകയില്ല. അല്ലാഹു മുസ്‌ലിം ഭരണകൂടങ്ങൾക്ക് പ്രത്യേകിച്ച് പാക്കിസ്താൻ ഭരണകൂടത്തിന് പൊതുജനങ്ങളോടുള്ള കടമ നിറവേറ്റാൻ ബുദ്ധി നല്കുമാറാകട്ടെ. അതുപോലെ എല്ലാ ഓരോ അഹ്മദിയും ദുആചെയ്യുന്നതോടൊപ്പം അഥവാ എവിടെയെങ്കിലും ഇത്തരംകാര്യങ്ങളിൽ നിർബന്ധപൂർവം പങ്കെടുക്കേണ്ടിവന്നാൽത്തന്നെ പൊതുമുതലിനും ഭരണകൂടത്തിന്റെ സാധനസാമഗ്രികൾക്കും നഷ്ടം വരുത്തുന്ന ഒരു പ്രവർത്തിയും ചെയ്യാതിരിക്കേണ്ടതാണ്.

ഏതു ജോലിയുമായും ബന്ധപ്പെട്ട എല്ലാ ഓരോ മനുഷ്യനും, അയാൾ തന്റെ ജോലിയോടു താൽപര്യമുള്ള ആളാണെങ്കിൽ തന്റെ സകല കഴിവുകളോടുംകൂടി അത് നിറവേറ്റാൻ ശ്രമിക്കുന്നു. ഇതൊരു സുപ്രധാന നിയമമാണ്. ഇതു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരിടത്തു വിശദീകരിച്ചിരിക്കുന്നു. അതിനോടൊപ്പം ഉദാഹരണവും നല്കിയിരിക്കുന്നു: ഒരു പട്ടാളക്കാരനോ, ജേർണലോ, ഉസ്താദോ, ജഡ്ജിയോ, വക്കീലോ, വ്യാപാരിയോ, അസംബ്ലിയിലെ സെക്രട്ടറിയോ, സ്പീക്കറോ, സർക്കാരിന്റെ മന്ത്രിയോ ആരായാലും വിശ്വസ്തതയോടും താൽപര്യത്തോടും മുഴുവൻ സമയവും പ്രവർത്തിക്കുകയാണെങ്കിൽ വൈകുന്നേരം ക്ഷീണിച്ചിരിക്കുകയും പകൽ മുഴുവനുമുള്ള അധ്വാനവും ഭാരവും നടുവൊടിച്ചുവെന്ന് പറയുകയും ചെയ്യുന്നതാണ്. എന്നാൽ, നമ്മൾ നബി(സ) തിരുമേനിയെ നോക്കുമ്പോൾ നമുക്കുവേണ്ടി അവിടന്ന് സമർപ്പിച്ച മാതൃക ലോകത്തിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ആളുകൾ ചെയ്യുന്ന എല്ലാ ജോലികളും അവരെക്കാളൊക്കെ ഉപരിയായി അവിടന്ന് ചെയ്യുന്നതാണ് കാണുന്നത്. ആ മഹാത്മാവ് ജഡ്ജിയുമായിരുന്നു. ഉസ്താദുമായിരുന്നു. ഭരണപരമായ മറ്റു നിർബന്ധകടമകളും അവിടന്ന് നിറവേറ്റിയിരുന്നു. കാരണം സർക്കാരിന്റെ മുഖ്യനേതാവായിരുന്നു. നിയമോപദേശങ്ങൾ നല്കിയിരുന്നു. നിയമങ്ങളുടെ വിശദീകരണവും വിവരണവും നല്കിയിരുന്നു. അതിനോടൊപ്പം അവിടന്ന് വീട്ടുജോലികളും ചെയ്യാറുണ്ടായിരുന്നു. ഭാര്യമാരെ സഹായിക്കാറുണ്ടായിരുന്നു. താൻ ഇത്രതിരക്കുള്ള ആളാണ് അതുകൊണ്ട് വീട്ടുജോലികളിൽ നിന്നെ സഹായിക്കാൻ പറ്റില്ല എന്ന് അവിടന്ന് ഒരിക്കലും ഭാര്യമാരോടു പറഞ്ഞിട്ടില്ല. ഇത് അല്പം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: നോക്കൂ! റസൂൽകരീം(സ)തന്റെ ഭാര്യമാരോടുള്ള കടമകളും നിറവേറ്റിയിരുന്നു. എത്രമാത്രം ശ്രദ്ധയോടെ നിറവേറ്റിയിരുന്നുവെന്നാൽ താനാണ് നബി(സ)തിരുമേനിയുടെ ദൃഷ്ടിക്കുതാഴെ എപ്പോഴും ഉണ്ടായിരുന്നതെന്ന് ഓരോ ഭാര്യമാരും ധരിച്ചിരുന്നു. ഭാര്യയും ഒന്നല്ല. നബി(സ)തിരുമേനിക്ക് 9 ഭാര്യമാരുണ്ടായിരുന്നു. 9 ഭാര്യമാരുണ്ടായിരുന്നിട്ടും ഒരു ഭാര്യയ്ക്കും തന്നെ ശ്രദ്ധിച്ചിരുന്നില്ലായെന്ന് തോന്നിയിരുന്നില്ല. അസ്ർ നമസ്കാരത്തിനുശേഷം എല്ലാ ഭാര്യമാരുടേയും വീട്ടിൽ പോകുക എന്നത് നബി(സ)തിരുമേനിയുടെ പതിവായിരുന്നു. അവരോടു അവരുടെ ആവശ്യങ്ങൾ ചോദിക്കുമായിരുന്നു. പിന്നീട് ചില ഘട്ടങ്ങളിൽ വീട്ടുജോലികളിൽ അവരെ സഹായിക്കുകയും ചെയ്യുമായിരുന്നു. ഇപ്പോൾ വിവരിച്ച ജോലികൾക്കുപുറമെ ഒരുപാട് ജോലികൾ വേറെയുമുണ്ടായിരുന്നു. അതും നബി(സ)നിറവേറ്റിയിരുന്നു. വെറുതെ ഇരിക്കുന്ന ഒരു നിമിഷംപോലും ആ മഹാത്മാവിന്റെ ജീവിതത്തിലുണ്ടായിട്ടില്ല. എന്നാൽ, മലേറിയരോഗത്തിന്റെ നാടെന്ന് പറയപ്പെട്ടിരുന്ന ആ രാജ്യത്തുതന്നെയാണ് അവിടന്നും വസിച്ചിരുന്നത്. (കാരണം ഏഷ്യയിലേയും ആഫ്രിക്കയിലേയും നിരവധി രാജ്യങ്ങളിൽ വസിച്ചിരുന്നവർ തങ്ങളുടെ മടിയുടെ കാരണം ജോലി ചെയ്യാത്തതിന്റെ കാരണം പറഞ്ഞിരുന്നത് ഈ പ്രദേശത്ത് വസിക്കുന്നവരാണെന്നാണ്. കാരണം ഇത് മലേറിയായുടെ പ്രദേശമാണ്. ഇവിടെ അലസത ഉണ്ടായിപ്പോകുന്നു. ധാരാളം രോഗങ്ങളുണ്ടാകുന്നു. അതുകൊണ്ടാണ് അവിടന്ന് മലേറിയായുടെ ഉദാഹരണം നല്കിയത്. അതായത് നബി(സ)തിരുമേനി മലേറിയരോഗത്തിന്റെ പ്രദേശവാസിയായിരുന്നിട്ടും മറ്റെല്ലാ ജോലികളും വീട്ടുജോലികളും ചെയ്തിരുന്നു. ഇന്ന് ഏഷ്യയിലേയും ആഫ്രിക്കയിലേയും ആളുകൾ തങ്ങളുടെ മടിയുടെ കാരണം ഇതാണെന്നും ജോലിചെയ്യാൻ പറ്റാത്ത കാരണം അതാണെന്നുമൊക്കെ ചില ഒഴികഴിവുകൾ പറയാറുണ്ട്. ഈ കാരണങ്ങൾ നബി(സ)തിരുമേനി ജീവിച്ചിരുന്ന ആ നാട്ടിലും ഉണ്ടായിരുന്നു.) പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഞങ്ങൾ കണ്ടിട്ടുണ്ട്. ആ മഹാത്മാവ് നബി(സ)തിരുമേനിയുടെ പ്രതിച്ഛായയായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: എനിക്കോർമയുണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജോലിയുടെ അവസ്ഥ എന്തായിരുന്നെന്നാൽ, ഞങ്ങൾ ഉറങ്ങാൻ കിടക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലിചെയ്യുന്നതുകാണുന്നുണ്ടാകും. കണ്ണുതുറക്കുമ്പോഴും അവിടന്ന് ജോലിയിൽ വ്യാപൃതനായിരിക്കുന്നതാണ് കാണുന്നത്. ഇത്രമാത്രം കഠിനാധ്വാനവും പ്രയാസങ്ങളും സഹിച്ചിട്ടും ആ മഹാത്മാവിന്റെ ഗ്രന്ഥം പ്രൂഫ് നോക്കുന്നതിൽ ആരെങ്കിലും പങ്കുചേർന്നാൽ അയാളുടെ ജോലി എത്രമാത്രം വിലമതിച്ചിരുന്നുവെന്നാൽ ഇശാ നേരത്താണ് 'ഹുദൂർ താൻ പ്രൂഫ് കൊണ്ടുവന്നിരിക്കുന്നുവെന്ന് പറഞ്ഞ് വാതിൽമുട്ടി വിളിച്ചാലും' കട്ടിലിൽനിന്നെഴുന്നേറ്റ് വാതിലിന്നടുത്തേക്ക് പോകുമ്പോൾ ഇടയ്ക്കുവച്ച് പല പ്രാവശ്യവും 'ജസാക്കല്ലാഹ് താങ്കൾക്ക് വലിയ ബുദ്ധിമുട്ടായി, ജസാക്കല്ലാഹ് താങ്കൾക്ക് വലിയ ബുദ്ധിമുട്ടായി'എന്നു പറയുമായിരുന്നു. വാസ്തവത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ജോലി നോക്കുമ്പോൾ ഈ പ്രൂഫ് വായന എന്ന ജോലിക്ക് ഒരു പ്രസക്തിയുമില്ലായിരുന്നു. ഇത്രമാത്രം ജോലി ചെയ്യുന്ന ശീലമാണ് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദിൽ കണ്ടത്. അക്കാരണത്താൽ ഞങ്ങൾ ആശ്ചര്യപ്പെട്ടിരുന്നു. രോഗം കാരണത്താൽ ചിലപ്പോൾ ആ മഹാത്മാവിന് ഉലാത്തേണ്ടി വരുമായിരുന്നു. എന്നാൽ, ആ അവസ്ഥയിലും അവിടന്ന് ജോലി ചെയ്തുകൊണ്ടേയിരുന്നു. നടക്കാൻ പോകുമ്പോൾ വഴിയിൽവെച്ചും മതകാര്യങ്ങൾ പറയുമായിരുന്നു. ചോദ്യങ്ങൾക്ക് ഉത്തരം നല്കുമായിരുന്നു. വാസ്തവത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അതേ മലേറിയ ബാധിത പ്രദേശങ്ങളിലായിരുന്നു താമസിച്ചിരുന്നത്.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17 പേജ് 249)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നമ്മൾ ചെയ്യുന്ന അത്തരം അലസതകൾ നമ്മുടെ രോഗങ്ങളിലേക്ക് ബന്ധിപ്പിക്കാതിരിക്കുക. കാരണം അലസരായിരിക്കുന്നവർക്കും ഇക്കാരണത്താൽ തങ്ങളുടെ നിർബന്ധ കടമകളിൽ വീഴ്ച വരുത്തുന്നവർക്കും ശാരീരികമായ മലേറിയ അല്ല ബാധിച്ചിട്ടുള്ളത്. പ്രത്യുത മനസ്സിനാണ് മലേറിയ ബാധിച്ചിട്ടുള്ളത്. തങ്ങളെന്തായാലും പ്രവർത്തിക്കണമെന്ന് തീരുമാനിക്കുകയാണെങ്കിൽ ഈ എല്ലാ അലസതകളും അകറ്റാൻ കഴിയുന്നതാണ്.

ഇനി മലേറിയയുണ്ടാകുന്ന പ്രദേശങ്ങൾ ഒരു ഭാഗത്ത് ഇരിക്കട്ടെ. ആ പ്രദേശങ്ങളിൽനിന്ന് വന്ന് ഇവിടെ യൂറോപ്പിൽ വസിക്കുന്നവരിലും വെറുതെ വീട്ടിൽ കുത്തിയിരിക്കുന്നവർ ധാരാളമുണ്ട്. ദിവസം മുഴുവൻ വീട്ടിൽ കുത്തിയിരിക്കുന്നു. ടി.വി കണ്ടുകൊണ്ടിരിക്കുന്നു. അല്ലെങ്കിൽ ഭാര്യമാരുമായി വഴക്കിട്ടുകൊണ്ടിരിക്കുന്നു. അല്ലെങ്കിൽ കുട്ടികളോടു അവർ പൊറുതിമുട്ടുംവിധം അവരോടു പെരുമാറിക്കൊണ്ടിരിക്കുന്നു. ഇത് രോഗമല്ല. രോഗമാണെന്ന തന്ത്രമാണ്. ഇതുരോഗമല്ല. അലസതയും മടിയുമാണ്. കാരണം ഇവിടെ ഭക്ഷണം കിട്ടില്ലല്ലോ എന്ന ചിന്തയില്ല. കഴിയാനുള്ള അലൗൺസ് എന്തായാലും കിട്ടുന്നതുകൊണ്ട് തന്ത്രം പ്രയോഗിച്ച് ജോലിചെയ്യാതിരിക്കും. അതിനാൽ ഈ അലസതയും മടിയും ഇവിടെ വസിക്കുന്നവരും അകറ്റേണ്ടതാണ്.

സ്ത്രീകളുടെ ഭാവി സുരക്ഷിതമാക്കിവെക്കുന്നതിന് ഇസ്‌ലാമിൽ വിവിധ മാർഗങ്ങളുണ്ട്. അവളുടെ വിവാഹം നടക്കുമ്പോൾ അവൾക്കുവേണ്ടി ഹഖ്മഹർ വെക്കപ്പെട്ടിരിക്കുന്നുവെന്നത് അതിലൊന്നാണ്. അതുകൊണ്ട് അത് കൊടുക്കേണ്ടതാണ്. ത്വലാഖ് കൊടുക്കുമ്പോഴോ അല്ലെങ്കിൽ വേറിട്ട് പോകുമ്പോഴോ ഹഖ് മഹർ കൊടുത്താൽ മതിയെന്നാണ് ചിലർ മനസ്സിലാക്കുന്നത്. ഹഖ് മഹർ കൊടുക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്? സ്ത്രീയുടെ കൈയിലിരിക്കേണ്ട തുകയാണിത്. ചിലപ്പോൾ അവൾക്ക് എന്തെങ്കിലും ആവശ്യം വരും. എന്തെങ്കിലും പ്രത്യേക ചെലവ് വന്നുചേരും. അതപ്പോൾ അവളുടെ ഭർത്താവിനോടു പറയാൻ നാണിക്കുന്നുണ്ടാകും. അത്തരം ഘട്ടങ്ങളിൽ ഭർത്താവിന്റെ അടുക്കൽ പോകാതെ അവൾക്ക് ആവശ്യം കാണാവുന്നതാണ്. ചിലപ്പോൾ ഭർത്താവിനും അവളുടെ ആവശ്യം നിറവേറ്റാൻ പറ്റുന്ന സാഹചര്യമായിരിക്കുകയല്ല അത്. ഭാര്യയുടെ കൈയിലുണ്ടെങ്കിൽ ഉടനെ അവൾക്ക് അക്കാര്യം നടത്താവുന്നതാണ്. ഹഖ് മഹർ കൊടുക്കുന്നില്ലെങ്കിലോ- ഈ രണ്ടു കാര്യങ്ങളും ഇതിനുപുറമെയുള്ള മറ്റു കാര്യങ്ങളും നിറവേറ്റാൻ സാധിക്കുകയില്ല. ഉദാഹരണത്തിന് സ്ത്രീകൾക്ക് ആവശ്യങ്ങളുണ്ട്. ആരെയെങ്കിലും സഹായിക്കണം. ഏതെങ്കിലും ബന്ധുക്കൾക്ക് സഹായം നല്കണം. അതൊന്നും ഭർത്താവിനോട് പറയാനാഗ്രഹിക്കുന്നില്ല. അതുകൊണ്ട് അവളുടെ അടുക്കൽ ഈ പണം ഉണ്ടാകേണ്ടതാണ്. പെട്ടെന്നുണ്ടാകുന്ന ആവശ്യങ്ങൾ സ്വന്തം ഇഷ്ടത്താൽ നിറവേറ്റുന്നതിനുവേണ്ടി ഇത്തരത്തിലുള്ള എന്തെങ്കിലും കുറച്ചു തുക ഉണ്ടാകേണ്ടതാണ്.

ചില ഭർത്താക്കന്മാർ ഹഖ് മഹർ കൊടുക്കുന്നത് അവിടെ നില്ക്കട്ടെ, ഭാര്യ സ്വന്തമായി ജോലി ചെയ്തുണ്ടാക്കുന്നതിലും നിയന്ത്രണം ഏർപെടുത്തുന്നു. എന്നോടു ചോദിക്കാതെ നീ ചെലവഴിക്കരുത്, നിനക്കുകിട്ടുന്ന വേതനം മുഴുവൻ എനിക്കു തരണം, അല്ലെങ്കിൽ കുറഞ്ഞത് ഇത്ര ഭാഗം അതിൽനിന്ന് എനിക്കുതരണം, എന്റെ ബാങ്ക് അക്കൗണ്ടിലിട്ടുകൊള്ളണം എന്നൊക്കെ പറയാറുണ്ട്. ഇത് തികച്ചും അന്യായമാണ്. ഇപ്രകാരംതന്നെ ചില ദരിദ്രകുടുംബങ്ങളിലും ദരിദ്രരാജ്യങ്ങളിലും ചിലസ്ഥലങ്ങളിൽ വിവാഹ സമയത്ത് മാതാപിതാക്കന്മാർ ഹഖ് മഹർ പെൺകുട്ടിയുടെ ഭർത്താവിൽനിന്നോ ഭർത്താവിന്റെ വീട്ടുകാരിൽനിന്നോ നേരിട്ട് വസൂൽ ചെയ്തെടുക്കാറുണ്ട്. പെൺകുട്ടിക്ക് ഒന്നുംതന്നെ കിട്ടുകയുമില്ല. അവൾ വിവാഹം കഴിഞ്ഞ് ഒഴിഞ്ഞ കൈയോടെ ഇരിക്കേണ്ടിവരുന്നു. ഇതും അന്യായമാണ്. ഇത് അടിമക്കച്ചവടമാണ് നടത്തുന്നത്. ഇതിനെ ഇസ്‌ലാം കഠിനമായി വിരോധിച്ചിരിക്കുന്നു. ഇപ്രകാരം ചില ഘട്ടങ്ങളിൽ ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് ഹഖ് മഹർ പൊരുത്തപ്പെട്ടു കൊടുക്കാറുണ്ട്. പക്ഷേ, അതിനും ചില നിബന്ധനകളുണ്ട്. ആദ്യം അവരുടെ കൈയിൽകൊടുത്തിട്ട് പിന്നീട് ചോദിക്കുക. എന്നല്ല ഹദ്റത്ത് ഉമർ(റ)ന്റേയും ചില ഇമാമീങ്കളുടേയും മഹാത്മാക്കളുടേയും വിധിയുള്ളത് ഹഖ് മഹർ ഏറ്റവും കുറഞ്ഞത് ഒരു വർഷം സ്ത്രീയുടെ കൈയിലിരിക്കണം എന്നാണ്. ആദ്യം നിയന്ത്രണത്തിൽ കൊണ്ടുവരികയും പിന്നീട് മാപ്പാക്കുകയോ കൊടുക്കുകയോ ആണെങ്കിൽ കൊടുക്കുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അത്തരം ഹഖ് മഹർ മാപ്പാക്കിയതിന്റെ ഒരു സംഭവം വിവരിക്കുന്നു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സ്വഹാബിയുടേതാണ്. "ഹദ്റത്ത് ഹക്കീം ഫള്ൽ ദീൻ സാഹിബ് നമ്മുടെ ജമാഅത്തിലെ സാബിഖൂനുൽഅവലൂനിൽപ്പെട്ടയാളാണ്. അദ്ദേഹത്തിന് രണ്ടു ഭാര്യമാരായിരുന്നു. ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, മഹർ മതനിയമപരമായ കല്പനയാണ്. അത് നിർബന്ധമായും ഭാര്യമാർക്ക് നല്കേണ്ടതാണ്. അതുകേട്ടപ്പോൾ ഹക്കീം സാഹിബ് പറഞ്ഞു, എന്റെ ഭാര്യമാർ എനിക്ക് അത് മാപ്പാക്കിത്തന്നിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ചോദിച്ചു, താങ്കൾ അത് അവരുടെ കൈയിൽ കൊടുത്തിട്ടാണോ മാപ്പാക്കിച്ചിട്ടുള്ളത്? പറഞ്ഞു, ഇല്ല ഹുദൂർ. ഞാനങ്ങനെപറഞ്ഞു, അവർ മാപ്പാക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, ആദ്യം താങ്കൾ അത് അവരുടെ സഞ്ചിയിൽ ഇടുക. പിന്നീട് മാപ്പാക്കിക്കുക.(ഇതും താഴത്തെ നിലയിലുള്ളതാണ്. യഥാർഥത്തിൽ മഹർ കുറഞ്ഞത് ഒരു വർഷം സ്ത്രീയുടെ കൈയിലിരിക്കണം. ആ കാലത്തിനു ശേഷം അവർ മാപ്പാക്കിത്തന്നാൽ അതാണ് ശരി). അദ്ദേഹത്തിന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. 500, 500 രൂപയായിരുന്നു മഹർ. ഹക്കീം സാഹിബ് എവിടെന്നോ കടം വാങ്ങി 500,500 രൂപ അവർക്കു കൊടുത്തു. ചോദിച്ചു, നിങ്ങൾ എനിക്കെന്റെ മഹർ മാപ്പാക്കിത്തന്നിട്ടുള്ളത് ഓർമയുണ്ടോ? അതുകൊണ്ട് ഇപ്പോൾ എനിക്കിത് മടക്കിത്തരിക. അതുകേട്ടപ്പോൾ അവർ പറഞ്ഞു, ആ നേരത്ത് താങ്കൾ ഇത് ഞങ്ങൾക്കു തരുമെന്ന് അറിയില്ലായിരുന്നു. അതുകൊണ്ടാണ് മാപ്പാക്കിയിരിക്കുന്നുവെന്ന് പറഞ്ഞത്. ഇനി ഞങ്ങൾ ഇത് തരികയില്ല.(ഇപ്പോൾ ഞങ്ങളുടെ കൈയിൽ വന്നല്ലോ). ഹക്കീം സാഹിബ് വന്ന് ഈ സംഭവം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു. എനിക്കു മടക്കി കിട്ടുമെന്ന ഉദ്ദേശ്യത്തോടെയാണ് ആയിരം രൂപ കടം വാങ്ങി ഞാൻ രണ്ടു പേർക്കും മഹർ നല്കിയത്. എന്നാൽ, പണം അവർ വാങ്ങി. മടക്കിത്തരില്ലെന്ന് രണ്ടുപേരും പറയുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതുകേട്ട് ഒരുപാട് ചിരിച്ചു. എന്നിട്ട് പറഞ്ഞു, ഇതാണ് ശരിയായ കാര്യം. ആദ്യം ഭാര്യമാർക്ക് മഹർ കൊടുക്കുക. കുറച്ചുകാലത്തിനുശേഷം മാപ്പാക്കുകയാണമെങ്കിൽ മാപ്പാക്കുക. മഹർ കൊടുക്കാതെ മാപ്പാക്കിക്കുന്ന സ്ഥിതിയിൽ 'തൂ മുഫ്തെകറം ദാശ്തൻ'എന്നു പറയുന്നതുപോലെയായിരിക്കും.(ബുദ്ധിമുട്ട് കൂടാതെ ആത്മപ്രശംസ നടത്തലാണ്). ഭാര്യമനസ്സിലാക്കുന്നത് അയാൾ മഹർ തന്നില്ല, ഇനി തരാനും പോകുന്നില്ല എന്നാണ്. അതുകൊണ്ട് ഇയാൾ പറയുന്നതുപോലെ മാപ്പാക്കിയേക്കാം. അത് ഫ്രീയായിട്ടുള്ള ഔദാര്യം തന്നെയാകുന്നു. എന്നാൽ, ഭാര്യയ്ക്ക് മഹർ ലഭിച്ചിട്ട് പിന്നീട് അവൾ സന്തോഷത്തോടെ മടക്കിത്തന്നാൽ അത് ശരിയാണ്. ഇല്ലെങ്കിൽ 10 ലക്ഷം രൂപയാണ് അവളുടെ മഹർ എങ്കിലും അവൾക്ക് കിട്ടിയിട്ടില്ലെങ്കിൽ അവൾ അത് നല്കുമോ? കാരണം താൻ എന്തായാലും പോക്കറ്റിൽ നിന്നെടുത്ത് ഒന്നും കൊടുക്കാൻ പോകുന്നില്ലെന്ന് അവൾക്കറിയാം. വെറും വായകൊണ്ട് പറയുന്ന ചെലവേയുള്ളൂ. അതിൽ എന്ത് കുറ്റമാണുള്ളത്. അതിനാൽ ഭാര്യമാരെക്കൊണ്ട് മാപ്പാക്കിക്കുന്നതിന് മുമ്പേ അവർക്ക് മഹർ നല്കേണ്ടത് നിർബന്ധമാണ്. തന്റെ ആവശ്യങ്ങൾ മനസ്സിലാകാത്ത അവസ്ഥയിൽ അവൾക്ക് മഹർ കൊടുക്കുകയോ (ചില അവസരങ്ങളിൽ സ്ത്രീകൾക്ക് തങ്ങളുടെ ആവശ്യങ്ങളെ കുറിച്ച് അറിവുണ്ടാകുകയില്ല) അല്ലെങ്കിൽ മാതാപിതാക്കൾ അവളിൽനിന്ന് അതു വാങ്ങാൻ ആഗ്രഹിക്കുകയോ ചെയ്യുന്നെങ്കിൽ അത് അന്യായമാണ്. (അതായത് ഞാൻ ഉദാഹരണം പറഞ്ഞതുപോലെ ചിലയാളുകൾ തങ്ങളുടെ പെൺമക്കളുടെ മഹർ സ്വയം വാങ്ങിയെടുക്കുന്നു. ഇത് അന്യായമാണ്.)ഇത് അടിമക്കച്ചവടമാണ്. ഒരിക്കലും ശരിയല്ല.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 9 പേജ് 217)

പിന്നീട് സക്കാത്തുണ്ട്. സക്കാത്തും നിർബന്ധ കാര്യങ്ങളിൽപ്പെട്ടതാണ്. നിബന്ധനകൾ പൂർത്തിയായിട്ടുള്ള എല്ലാ ഓരോരുത്തർക്കും സക്കാത്ത് കൊടുക്കൽ നിർബന്ധമാണ്. എന്നാൽ, ഉള്ള സമ്പത്തെല്ലാം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്ന പുണ്യാത്മാക്കളുമുണ്ട്. അത്തരം ഒരു പുണ്യാത്മാവിന്റെ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നുണ്ട്: ലോകത്ത് ജനങ്ങൾക്ക് മാതൃക എന്നനിലയിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ള അത്തരം ചിലയാളുകളുണ്ടെന്നതിൽ സംശയമൊന്നുമില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് ഞാൻ നേരിട്ടു കേട്ടതാണ്. ഒരാൾ ഒരു പുണ്യാത്മാവിനോട് എത്ര രൂപയ്ക്കാണ് സക്കാത്ത് കൊടുക്കേണ്ടതെന്ന് ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു: 'താങ്കൾക്കുള്ള മസ്അല എന്താണെന്നുവച്ചാൽ താങ്കൾ 40 രൂപയിൽനിന്ന് 1 രൂപ സക്കാത്തുകൊടുക്കുക.' അയാൾ ചോദിച്ചു, താങ്കൾ പറഞ്ഞ വാക്യമുണ്ടല്ലോ 'താങ്കൾക്ക്' എന്ന്, അതിന്റെ ഉദ്ദേശ്യമെന്താണ്? ഓരോരുത്തർക്കും സക്കാത്തിന്റെ തോത് മാറിക്കൊണ്ടിരിക്കുമോ? അദ്ദേഹം പറഞ്ഞു, അതേ! താങ്കളുടെ കൈയിൽ 40 രൂപയുണ്ടെങ്കിൽ 1 രൂപ സക്കാത്ത് നല്കേണ്ടത് നിർബന്ധമാണ്. എന്നാൽ, എന്റെ കൈയിൽ 40 രൂപയുണ്ടെങ്കിൽ എനിക്ക് 41 രൂപ നല്കേണ്ടത് നിർബന്ധമാണ്. കാരണം താങ്കളുടെ സ്ഥാനം എങ്ങനെയുള്ളതാണെന്നുവച്ചാൽ താങ്കൾ സമ്പാദിക്കുക, തിന്നുക എന്ന് അല്ലാഹു പറഞ്ഞു. എന്നാൽ, എനിക്കുനല്കിയിട്ടുള്ള സ്ഥാനം എന്റെ ചെലവുകളുടെ കഫീൽ(സംരക്ഷകൻ) അല്ലാഹുതന്നെയാണ്. ഇനി വിഡ്ഢിത്തംകൊണ്ട് ഞാൻ 40 രൂപ സമ്പാദിച്ചാൽത്തന്നെ ഞാൻ ആ നാല്പതുരൂപയും നല്കും, ഒരു രൂപ പിഴയും ഒടുക്കും."(തഫ്സീറെ കബീർ വാള്യം 7 പേജ് 546) ഇതാണ് പുണ്യാത്മാക്കളുടെ അവസ്ഥ.

ദീനിലേക്ക് മാത്രം ശ്രദ്ധ പതിപ്പിക്കേണ്ടത് നിർബന്ധകടമയായി കരുതുന്ന ചിലയാളുകളുണ്ട്. അല്ലാഹു അവരെ ആ ജോലിക്കുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ, മറ്റുള്ളവർ കേവലം ലോകത്തു വസിക്കുന്നവരാണ്. അവർ ഭൗതികമായി സമ്പാദിക്കുകയും പിന്നീട് തന്റെ ധനത്തിന്റേയും സമയത്തിന്റേയും കുറച്ചുഭാഗം ചെലവഴിക്കുകയും ചെയ്തുകൊള്ളട്ടെ. ആരാധനകളിലും ദീനീപ്രവർത്തനങ്ങളിലും തങ്ങളുടെ സമയം ചെലവഴിക്കട്ടെ. ഇസ്തിഗ്ഫാർ ചെയ്യട്ടെ. ദുആകളും ചെയ്യട്ടെ. അല്ലാഹു അവർക്കു നല്കിയിട്ടുള്ള ആദരവും സമ്പത്തും പ്രസിദ്ധിയും അവനിൽനിന്ന് ഔദാര്യമെന്ന നിലയിലുള്ളതാണ്. ഈ ഔദാര്യത്തിനുള്ള നന്ദി എന്നു പറയുന്നത്, മറ്റുള്ളവരേയും ഒപ്പമൊപ്പം ശ്രദ്ധിക്കുക എന്നതാണ്.

ചിലയാളുകളുടെ ബുദ്ധി കൂടുതൽ വാണിജ്യപരമായിരിക്കും. അല്ലെങ്കിൽ അനുകരണത്തിൽ ത്തന്നെ ജമാഅത്തുപരമായ പാരമ്പര്യങ്ങൾക്ക് വിരുദ്ധമാകുന്ന അത്തരംപ്രവർത്തികൾചെയ്തു കൊണ്ടുപോകുന്നു. ഇസ്‌ലാമികാധ്യാപനങ്ങളോടു അതു ചേരുന്നുണ്ടാകുന്നില്ല. അത്തരക്കാർ ഭാരവാഹികളിലുമുണ്ട്. ചില ഘട്ടങ്ങളിൽ തദ്ദേശ കമ്മിറ്റികളും അത്തരം തീരുമാനങ്ങളെടുക്കുന്നു.

ഖാദിയാനിൽ ഒരു തവണ തദ്ദേശ അഞ്ചുമൻ ഒരു ഫോറം പ്രസിദ്ധീകരിച്ചു. മറ്റുള്ളവർക്ക് ഒരണയ്ക്ക് വില്ക്കാൻ തുടങ്ങി. നാലു പൈസയാണ് ഒരണ. ഒരു റിപ്പോർട്ട് ഫോറം പോലത്തെ ഫോറമായിരുന്നു അത്. ഇന്നും ചിലയാളുകൾ ഈ പുതുമകൾ ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും തങ്ങളുടെ പാരമ്പര്യം മറന്നുപോകുകയും ചെയ്യുന്നു. എന്തായാലും ആ നേരത്ത് ഹദ്റത്ത്

മുസ്‌ലിഹ് മൗഊദ്(റ)ഏതുരീതിയിലാണ് അത് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചത്, അത് ഞാൻ സമർപിക്കുകയാണ്. അവിടന്ന് പറഞ്ഞു: 'ഞാൻ ജമാഅത്തിന്റെ ആളുകളെ ഉപദേശിക്കുകയാണ്; അവർ തങ്ങളുടെ എല്ലാ ജോലികളിലും ശരീഅത്തിനെ പിൻപറ്റുക. മുഹമ്മദ്(സ)തിരുമേനിയെ പിൻപറ്റുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പിൻപറ്റുക. എന്നെ ഒരു കടലാസ് കാണിച്ചിട്ട് കുറച്ചു ദിവസമായി. അതിൽ ഫോറങ്ങളിലുള്ളതുപോലുള്ള ചിത്രമാണ് ഞാൻ കണ്ടത്. അത്രമാത്രമേ ഞാൻ നോക്കിയുള്ളു. എന്നാൽ, പറയുന്നയാൾ പറഞ്ഞു, ഇത് ഒരുഅണയ്ക്കാണ് വില്ക്കുന്നത്. നമ്മുടെ ലോക്കൽ അഞ്ചുമനാണ് അത് കണ്ടുപിടിച്ചതെന്ന് മനസ്സിലായി. അവർ സർക്കാറിന്റെ മുദ്രപത്രം കണ്ടപ്പോൾ ഒരു പേപ്പറുണ്ടാക്കി കുറച്ചു വില നിശ്ചയിച്ച് തങ്ങൾക്കും വില്ക്കാമെന്ന് കരുതി. പറയുന്നു, കാക്ക, അരയന്നത്തിന്റെ നടത്തം നടന്നു. അവസാനം തന്റെ നടത്തം മറന്നുപോയി. ഞാൻ ഇങ്ങനെ പറയുന്നില്ല, എന്നാൽ, അരയന്നം, കാക്കയുടെ നടത്തം നടന്നുവെന്നും അത് സ്വന്തം നടത്തം മറന്നുവെന്നും ഞാൻ തീർച്ചയായും പറയും. അനുകരിക്കാൻ തക്കവണ്ണം ഭൗതികസർക്കാറുകളുമായി നമുക്ക് എന്തുബന്ധമാണുള്ളത്. ഹദ്റത്ത് മുഹമ്മദ്(സ)തിരുമേനിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഇത്തരത്തിലുള്ള ഒരു ഫോറവും ഒരിക്കലും ഉണ്ടാക്കിയിരുന്നില്ല. അങ്ങനെവരുമ്പോൾ ശത്രുക്കൾക്ക് പരിഹസിക്കാൻ ആവശ്യമില്ലാതെ അവസരം കൊടുക്കുന്നത് എന്തൊരു ബുദ്ധിയാണ്? ഇത്തരം കാര്യങ്ങൾ കാരണത്താൽ ശത്രുക്കൾക്ക് കുറ്റം കണ്ടുപിടിക്കാൻ അവസരം കിട്ടുന്നു. ഇവരെന്താണ് ഉണ്ടാക്കുന്നതെന്ന് തങ്ങൾക്കറിയില്ലായിരുന്നെന്ന് അവർ പറയുന്നു. ഉണ്ടാക്കുന്നവർ ആരോ ആണ്. ദുഷ്പേരുണ്ടാകുന്നത് ജമാഅത്തിനും. ലോക്കൽ കമ്മിറ്റിക്കാരുടെ ഉദാഹരണം ഗുരുദാസ്പൂർകാരനായ വൃദ്ധനെപ്പോലെയാണ്.(അവിടന്ന് ഉദാഹരണം പറയുകയാണ്). ഗുരുദാസ്പൂരിൽ ഒരു വൃദ്ധനുണ്ടായിരുന്നു. പൊക്കമുള്ളയാൾ. നീളമുള്ള താടി. വക്കീൽഗുമസ്തനായിരുന്നു. അയാൾ ഏതെങ്കിലുംസ്നേഹിതനെകണ്ടാൽഅസ്സലാമുഅലയ്ക്കും പറയുന്നതിനു പകരം അല്ലാഹു അക്ബർ, അല്ലാഹു അക്ബർ എന്നു പറയാൻ തുടങ്ങും. അടുത്തു വന്നു കഴിയുമ്പോൾ തന്റെ മോതിരംപിടിച്ചുകൊണ്ട് അല്ലാഹു അക്ബർ പറയാൻ തുടങ്ങും. ഇടയ്ക്കിടെ ചാടുകയും ചെയ്യും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ മിക്കപ്പോഴും വരുമായിരുന്നു. അയാൾക്കും നമ്മുടെ ലോക്കൽ കമ്മിറ്റിപ്രസിഡന്റിനെപ്പോലെ അനുകരിക്കുന്ന സ്വഭാവമുണ്ടായിരുന്നു.(അനുകരണത്തിനുള്ള ഉദാഹരണം പറയുകയാണ്. ആളുകളെ അനുകരിച്ചുകൊണ്ട് ചിലയാളുകൾ തെറ്റായ പ്രവൃത്തി ചെയ്യുന്നു). ആ സാധു നിത്യവും കേസ് ഫയൽ തയ്യാറാക്കുന്ന ജോലികൾ കേൾപ്പിക്കാറുണ്ടായിരുന്നു. (കോടതിയിൽ വക്കീൽ ഗുമസ്തനായിരുന്നു). അതുകൊണ്ട് തനിക്കും മജിസ്ട്രേട്ടാകണമെന്നും ഫയൽ കൊണ്ടുവരാൻ ഓർഡർ കൊടുക്കണമെന്നുമുള്ള ആഗ്രഹം അദ്ദേഹത്തിനുമുണ്ടായി. എന്നാൽ, ഈ ആഗ്രഹം പൂർത്തിയാകുമായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം വീട്ടിൽ ഒരു മാർഗം കണ്ടുപിടിച്ചു. ഉപ്പിന്റെ ഒരു ഫയൽ ഉണ്ടാക്കി. നെയ്യുടെ ഒരു ഫയൽ ഉണ്ടാക്കി. മുളകിന്റെ ഒരു ഫയൽ ഉണ്ടാക്കി. വിറകിന്റെ ഒരു ഫയൽ ഉണ്ടാക്കി. ഓഫീസിൽനിന്ന് തിരിച്ചു വീട്ടിലെത്തുമ്പോൾ ഒരു കുടം കമിഴ്ത്തിവച്ച് അതിലിരിക്കും. ഉപ്പുവേണമെന്ന് ഭാര്യയോടു പറയും. അയാൾ ഭാര്യ സംബോധന ചെയ്ത് പറയും, റീഡർ! ഇന്ന ഫയൽ കൊണ്ടുവരിക. ഭാര്യ ആ ഫയൽ കൊണ്ടുവരും. അയാൾ അതു വായിച്ചതിനുശേഷം അല്പനേരം ചിന്തിച്ചിരിക്കും. എന്നിട്ട് പറയും, ശരി. നമ്മുടെ കല്പനയാൽ ഇത്ര ഉപ്പ് നല്കുന്നുവെന്ന് ഇതിൽ രേഖപ്പെടുത്തുക. ഒരു ദിവസം ആ പാവത്തിന്റെ ദൗർഭാഗ്യമെന്നു പറയട്ടെ, കച്ചേരിയിൽനിന്ന് കുറച്ചു ഫയലുകൾ മോഷണം പോയി. അന്വേഷണം തുടങ്ങി. അയാളുടെ അയൽവാസി പറഞ്ഞു. സർക്കാർ എനിക്ക് സമ്മാനം തരികയാണെങ്കിൽ ഫയലുകളെക്കുറിച്ച് ഞാൻ പറഞ്ഞു തരുന്നതാണ്. അയാളോടു പറഞ്ഞു, ശരി പറഞ്ഞുകൊള്ളുക. നിത്യവും തന്റെ അയൽവാസിയുടെ വീട്ടിൽനിന്ന് ഫയലുകളുടെ ബഹളം കേട്ടിരുന്ന ഈ അയൽവാസി ഉടനെതന്നെ ആ വൃദ്ധന്റെ പേരു പറഞ്ഞു. പോലീസ് സർവസന്നാഹങ്ങളോടെ അയാളുടെ വീടു വളഞ്ഞു. അന്വേഷണം തുടങ്ങി. എന്നാൽ, ഫയലുകൾ കിട്ടിയപ്പോൾ ചിലത് ഉപ്പിന്റേയും ചിലതു നെയ്യുടേയും ചിലതു മുളകിന്റേതും ആയിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, ഈ ദൃശ്യമാണ് ഞാൻ ഈയിടെയായി ഇവിടെ കാണുന്നത്. നമ്മുടെ സ്നേഹിതന്മാർ പാശ്ചാത്യരുടെ പ്രവർത്തികൾ വളരെ നല്ലതാണെന്നു കരുതി അവയെ അനുകരിക്കാൻ തുടങ്ങുന്നു."(ഖുത്ബാത്തെ മഹ്മൂദ് വാള്യം 16 പേജ് 229-230) അതിന്റെ ആവശ്യമെന്താണെന്ന് നോക്കുന്നില്ല. അതുകൊണ്ട് ഇവിടെ ഏതെങ്കിലും ഫോറമിന്റേയോ അതിന്റെ വിലയുടേയോ പ്രശ്നമല്ല. അടിസ്ഥാനപരമായ ഒരു കാര്യമാണ്. നമ്മുടെ അധ്യാപനങ്ങൾക്കും പാരമ്പര്യങ്ങൾക്കും വിരുദ്ധമായ കാര്യങ്ങളാണെങ്കിൽ അതിൽനിന്ന് നമ്മൾ രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. ഭൗതികമായ കാര്യങ്ങൾ നമ്മൾ അനുകരിക്കണമെങ്കിൽ ഒന്നാമതായി പറയാനുള്ളത് ഇത് ഭൗതികതയുടെ അനുകരണമേ അല്ലെന്നാണ്. ഇനി ഏതെങ്കിലും കാര്യങ്ങളിൽ അനുകരിക്കണമെങ്കിൽ അല്ലാഹു നമ്മളോടു പറഞ്ഞിട്ടുള്ളത് നബി(സ)തിരുമേനിയാണ് നിങ്ങൾക്ക് ഉത്തമമാതൃക എന്നാണ്. ആ മഹാത്മാവിനെ അനുകരിക്കേണ്ടതാണ്. അല്ലെങ്കിൽ ഇക്കാലത്ത് അല്ലാഹു നമ്മുടെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ മാതൃക ആക്കിയിട്ടുണ്ട്. അദ്ദേഹം എന്തൊന്ന് തന്റെ യജമാനനിൽനിന്ന് പഠിച്ചുവോ അത് നമ്മളോടു പറഞ്ഞു. അതനുസരിച്ച് നമ്മൾ നടക്കേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ ഒരു സംഭവം വിവരിക്കുന്നു: എനിക്കോർമയുണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിന്റെ അവസാനവർഷമായിരുന്നു. അല്ലെങ്കിൽ ആ മഹാത്മാവിനുശേഷം ഒന്നാം ഖിലാഫത്തിന്റെ കാലത്തുള്ള ഒരു റമളാൻ മാസം. എന്തായാലും ഉഷ്ണകാലമായിരുന്നതിനാൽ അല്ലെങ്കിൽ ഇടയത്താഴനേരത്ത് എനിക്ക് വെള്ളം കുടിക്കാൻ കഴിഞ്ഞിരുന്നില്ല. ഒരു നോമ്പിൽ എനിക്ക് കഠിനമായ ദാഹം അനുഭവപ്പെട്ടു. ഞാൻ ബോധംകെട്ടുവീണുപോകുമോ എന്ന ഭയവും എനിക്കുണ്ടാകാതിരുന്നില്ല. സൂര്യൻ അസ്തമിക്കാൻ ഒരു മണിക്കൂർ ബാക്കി ഉണ്ടായിരുന്നു. ഞാൻ ക്ഷീണിച്ച് ഒരു കട്ടിലിൽ വീണു. അപ്പോൾ ആരോ എന്റെ വായിൽ വെള്ളം ഒഴിക്കുന്നതായി ഞാൻ ജാഗ്രദർശനത്തിൽ കണ്ടു. ഞാൻ വലിച്ചുകുടിച്ചപ്പോൾ എല്ലാ ദാഹവും പോയിമറഞ്ഞു. ആ അവസ്ഥ ഉണ്ടായിക്കൊണ്ടിരുന്നപ്പോൾ ദാഹത്തിന്റെ പേരോ അടയാളമോ പോലും എന്നിൽ അവശേഷിക്കാത്തവിധം അല്ലാഹു എന്റെ ദാഹം ശമിപ്പിച്ചു. ദാഹം ശമിക്കുമ്പോൾ പിന്നെ വെള്ളം കുടിക്കേണ്ട ആവശ്യം വരുന്നില്ല. (ദാഹംഉണ്ടായപ്പോഴാണ്വെള്ളത്തിന്റെആവശ്യമുണ്ടായിരുന്നത്.) ചുരുക്കത്തിൽ ഉദ്ദേശ്യം ആവശ്യം പൂർത്തിയാക്കുക എന്നതാണ്. ഉചിതമായ സാധനങ്ങൾ സംഘടിപ്പിച്ചാണെങ്കിലും വേണ്ടില്ല, അല്ലെങ്കിൽ അതിൽനിന്ന് ശ്രദ്ധ പിന്തിരിപ്പിച്ചാണെങ്കിലും വേണ്ടില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരാളെഴുതി: 'ഇന്ന സ്ത്രീയുമായി എന്റെ നിക്കാഹ് നടക്കുന്നതിന് അങ്ങ് ദുആ ചെയ്താലും. അവിടന്ന് പറഞ്ഞു, നാം ദുആ ചെയ്യുന്നതാണ്. എന്നാൽ, നിക്കാഹ് നടക്കണമെന്ന നിബന്ധന ഒന്നും ഉണ്ടാകുകയില്ല. നിക്കാഹ് നടന്നാലും വേണ്ടില്ല, അതിനോടു വെറുപ്പുണ്ടായാലും വേണ്ടില്ല. ആ മഹാത്മാവ് ദുആ ചെയ്തു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം എഴുതി: 'എന്റെ മനസ്സിൽ അവളോടു വെറുപ്പ് തോന്നിയിരിക്കുന്നു.' ഇപ്രകാരം എന്നോടും ഒരാൾ ദുആ ചെയ്യാൻ പറഞ്ഞു. (മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു ഒരാൾ) എനിക്കെഴുതി: ഞാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുന്നത്തിനെ പിൻപറ്റിക്കൊണ്ട് അയാൾക്ക് ഇതേ മറുപടി കൊടുത്തു. തനിക്ക് അവളെക്കുറിച്ചുള്ള വിചാരംതന്നെ മാറിപ്പോയെന്ന് അയാൾ പിന്നീട് എഴുതി അറിയിച്ചു. അല്ലാഹു രണ്ടു രീതിയിലും സഹായിക്കാറുണ്ട്.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17 പേജ് 342-343) യഥാർഥ കാര്യമെന്നു പറയുന്നത്, ഏതൊന്നിനെയാണോ ആഗ്രഹിക്കുന്നത് അത് പൂർത്തിയാകുകയോ പിന്നീട് ആ വിചാരംതന്നെ മനസ്സിൽനിന്ന് ഇല്ലാതാകുകയോ ചെയ്യാം. അതുകൊണ്ട് ഇക്കാര്യം എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അതുപോലെതന്നെ അല്ലാഹുവിനോടു ദുആയും ചെയ്യേണ്ടതാണ്. യഥാർഥ കാര്യമെന്നു പറയുന്നത് അല്ലാഹുവിന്റെ തൃപ്തിയ്ക്കും അവന്റെ തീരുമാനത്തിനും പ്രാധാന്യം നല്കിക്കൊണ്ട് ദുആ ചെയ്യുക എന്നതാണ്.

ഇപ്പോഴും ചിലയാളുകൾ കത്തെഴുതാറുണ്ട്. എനിക്കും കത്ത് വരാറുണ്ട്. ഇന്ന സ്ഥലത്ത് വിവാഹബന്ധമുറക്കണം. അവരുമായി ബന്ധമുറക്കാൻ ദുആ ചെയ്യുക. അതിനോടൊപ്പം ഈ ബന്ധം നടക്കാൻവേണ്ടി ശ്രമിക്കുകയും ചെയ്യുക. അവരുടെ മാതാപിതാക്കളേയും ഉപദേശിക്കുക. വിവാഹവകുപ്പിനോടും പറയുക. ഇതു നടന്നില്ലെങ്കിൽ ഞാൻ തകർന്നുപോകും. മറ്റെ കക്ഷിയും തകർന്നുപോകും. ഇതെല്ലാം നിരർഥവും വ്യർഥവുമായ കാര്യങ്ങളാണ്. വിവാഹത്തിന്റെ യഥാർഥ ഉദ്ദേശ്യം മനഃസമാധാനവും തലമുറ നിലനില്ക്കലുമാണ്. അതുകൊണ്ട് അല്ലാഹുവിനോട് അവന്റെ അനുഗ്രഹമാണ് തേടേണ്ടത്. അല്ലാഹുവിന്റെ പക്കൽ ഉത്തമമാണെങ്കിൽ നടക്കട്ടെ. ഇല്ലെങ്കിൽ മനസ്സിൽനിന്ന് അതിറങ്ങി പോകട്ടെ. ആ പ്രശ്നം അങ്ങനെ അവസാനിക്കട്ടെ. ഈ സ്നേഹം ഭൗതികപരമാണ്. ഭൗതികം താൽക്കാലികമായ സ്നേഹമാണ്. അല്ലാഹുവിന്റെ സ്നേഹമാണ് തേടേണ്ടത്. പിന്നീട് ഇതു നടക്കുകയാണെങ്കിൽ ഭൗതികമായ സ്നേഹവും നന്മയായിത്തീരും. അത് എന്നെന്നും മനഃസമാധാനത്തിനും ശാന്തിക്കും കാരണമായി നില്ക്കും.

ലോകത്തുള്ള ഒരു വസ്തുവും അതിന്റെ സത്തയിൽ ഹാനികരമല്ല എന്ന കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: കാക്കപ്പനച്ചിക്കായ. ഇതും ഒരു വിഷമാണ്. അതു തിന്നുന്നതുകൊണ്ട് നിരവധിയാളുകൾ മരിക്കാറുണ്ട്. പക്ഷേ, ലക്ഷക്കണക്കിനാളുകൾ അതിലൂടെ രക്ഷപ്പെടുന്നുമുണ്ട്. (അതായത് മരുന്ന് എന്ന നിലയിലും ഉപയോഗിക്കുന്നു). ഇപ്രകാരംതന്നെ വളരെ വലിയ നാശംവിതയക്കുന്ന അഫ്യൂണുണ്ട്. പക്ഷേ, അതിന്റെ നാശത്തെക്കാളേറെ അതിന് ഗുണമാണുള്ളത്. വൈദ്യത്തിന്റെ പകുതി മരുന്നുകൾ അഫ്യൂൺ ഉപയോഗിച്ചുള്ളതാണെന്ന് വൈദ്യന്മാർ പറഞ്ഞിട്ടുണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു. അതിനുള്ള ഗുണം ഊഹിക്കാൻ പോലും പ്രയാസമാണ്. മനുഷ്യന് അസ്വസ്ഥതയും സുഖമില്ലായ്മയും ഉണ്ടാകുകയും ഉറക്കം നഷ്ടപ്പെടുകയും വേദനകൊണ്ട് പൊറുതിമുട്ടി ആത്മഹത്യചെയ്യാൻ തയ്യാറാകുകയും ചെയ്യുമ്പോൾ അവന് മോർഫിയ ഇഞ്ചക്ഷൻ നല്കുന്നു. അതുമുഖേന അവന് ഉടനെ ആശ്വാസമുണ്ടാകുന്നു. അതുകൊണ്ട് ലോകത്ത് ഒരു വസ്തുവും അതിന്റെ സത്തയിൽ നഷ്ടം വരുത്തുന്നതായിട്ടില്ല. നഷ്ടം വരുത്തുന്നത് അതിന്റെ ദുരുപയോഗമാണ്. അത് മനുഷ്യന്റെ പിടിപ്പുകേടിന്റെ ഫലമാണ്. ഇപ്രകാരംതന്നെ ഹദ്റത്ത് ഇബ്റാഹീം(അ)രോഗത്തെ തന്നിലേക്കും രോഗശമനത്തെ അല്ലാഹുവിലേക്കും ലക്ഷ്യമാക്കി പറഞ്ഞു. എന്നാൽ, നമ്മുടെ രാജ്യത്ത് ഒരു മുസ്‌ലിം അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ട് ഏതെങ്കിലും ജോലിയിൽ പരാജയപ്പെട്ടാൽ പറയുന്നത് ഞാൻ

കഴിവിന്റെ പരമാവധി ശക്തിചെലുത്തി പക്ഷേ, അല്ലാഹു എന്നെ പരാജയപ്പെടുത്തിക്കളഞ്ഞു എന്നായിരിക്കും. അതായത് അവൻ വിശേഷഗുണത്തെ തന്നിലേക്കും മോശമായ വശത്തെ അല്ലാഹുവിലേക്കും കുറിമാനമാക്കുന്നു.'(തഫ്സീറെ കബീർ വാള്യം 7 പേജ് 169-170)

അതുകൊണ്ട് എപ്പോഴും ഓർമവെക്കേണ്ടതാണ്, എന്തിന്റെ എങ്കിലും സൽഫലം പുറത്തുവന്നാൽ അൽഹംദുലില്ലാഹ് അല്ലാഹു വിജയിപ്പിച്ചു എന്നു പറയുകയാണ് സത്യവിശ്വാസിയുടെ ജോലി. ഇനി ദോഷഫലമാണ് വരുന്നതെങ്കിൽ ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്ന് പറയുക. ഞാൻ എന്റെ പിടിപ്പുകേടുകൊണ്ടു പരാജയപ്പെട്ടുവെന്ന് പറയുക. പിടിപ്പുകേടുണ്ടായി എന്ന് സമ്മതിക്കുകയും വിജയമുണ്ടാകുമ്പോൾ അൽഹംദുലില്ലാഹ് എന്ന് പറയുകയും ചെയ്യുന്നവനാണ് അല്ലാഹുവിൽനിന്ന് അനുഗ്രഹം ലഭിക്കുന്നത്. അങ്ങനെ പറയുന്നവന്റെമേൽ അല്ലാഹു പിന്നീട് കരുണ ചൊരിയുന്നു. പിന്നീട് കരുണചെയ്തുകൊണ്ട് പറയുന്നു, എന്റെ ദാസൻ വിജയങ്ങൾ ഞാൻ നല്കി എന്നു പറയുന്നതുകൊണ്ട് ഞാൻ അവന് കൂടുതൽ വിജയങ്ങൾ നല്കുന്നതാണ്.

അതായത് നിസ്സാരകാര്യങ്ങൾക്ക് വലിയ ഫലങ്ങൾ ഉണ്ടാക്കുന്നു. ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു ഖുത്ബയിൽ പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് ഞാൻ കേട്ടിട്ടുണ്ട്, അവിടന്ന് ഏതോ ഒരു സ്ത്രീയുടെ ഖിസ്സ കേൾപ്പിക്കുകയായിരുന്നു. അവർക്ക് ഒരേയൊരു മകനെ ഉണ്ടായിരുന്നുള്ളു. അവൻ യുദ്ധത്തിന് പോകാനൊരുങ്ങി. അപ്പോൾ അവൻ തന്റെ ഉമ്മയോടു പറഞ്ഞു, ഞാൻ തിരിച്ചുവരികയാണെങ്കിൽ ഉമ്മായ്ക്ക് എന്തെങ്കിലും സമ്മാനം കൊണ്ടുവരുന്നതിനുവേണ്ടി ഇഷ്ടമുള്ള സാധനം പറയുക. ഉമ്മ പറഞ്ഞു, നീ എന്തെങ്കിലും കൊണ്ടുവരാനാഗ്രഹിക്കുന്നെങ്കിൽ കരിഞ്ഞ റൊട്ടിയുടെ കഷണങ്ങൾ എത്രത്തോളം കൊണ്ടുവരാൻ കഴിയുമോ കൊണ്ടുവരിക. അതുകൊണ്ട് ഞാൻ സന്തോഷിക്കുന്നതാണ്. കുറച്ചു കാലത്തിനുശേഷം അവൻ വീട്ടിൽ വന്നപ്പോൾ കരിഞ്ഞ റൊട്ടിയുടെ ഒരുപാട് സഞ്ചികൾ കൊണ്ടുവന്നു തന്റെ ഉമ്മയുടെ മുമ്പിൽവച്ചു. അവർ ഇത് കണ്ട് ഒരുപാട് സന്തോഷിച്ചു. അവൻ പറഞ്ഞു, ഉമ്മാ! നിങ്ങൾ പറഞ്ഞതനുസരിച്ച് ഞാൻ പ്രവർത്തിച്ചിരുന്നു. പക്ഷേ, ഇതിന്റെ കാരണമെന്താണെന്ന് എനിക്കിതുവരെ മനസ്സിലായില്ല. ഉമ്മ പറഞ്ഞു, നീ പോകുന്ന സമയത്ത് ഇത് പറയുന്നത് ശരിയാണെന്ന് എനിക്കുതോന്നിയില്ല. അതുകൊണ്ടാണ് പറയാതിരുന്നത്. ഇനി ഞാൻ പറയാം. നല്ലവണ്ണം വേവിക്കാതെ ആഹാരം കഴിക്കുന്ന കാരണത്താലാണ് മനുഷ്യന് രോഗങ്ങളുണ്ടാകുന്നത്. കരിഞ്ഞ റൊട്ടിക്ഷണങ്ങൾ കൊണ്ടുവരണമെന്ന് ഞാൻ നിന്നോടു പറഞ്ഞത് നീ ആ കരിഞ്ഞ റൊട്ടിലഭിക്കുന്നതിന് കൂടുതൽ വേവിച്ച് കരിഞ്ഞ ഭാഗം ബാക്കി വെക്കും കരിയാത്ത ഭാഗം തിന്നുകയും ചെയ്യും എന്ന ഉദ്ദേശ്യത്തോടെയാണ്. ഇതുമുഖേന നിന്റെ ആരോഗ്യം ശരിയായി നിലനില്ക്കും. എന്തായാലും അങ്ങനെ തന്നെ നടന്നു. (ഖുത്ബാത്തെ മഹ്മൂദ് വാള്യം 5 പേജ് 188-189)

ബാഹ്യമായി നോക്കുമ്പോൾ ഇതൊരു ചെറിയ കാര്യമാണ്. റൊട്ടി നല്ലവണ്ണം വേവിച്ച് തിന്നണമെന്ന് മാതാവ് കുട്ടിയോടു നേരിട്ട് പറയുകയാണെങ്കിൽ താൻ യുവാവാണ്, വേവിക്കാതെ തിന്നാൻ താൻ വിഡ്ഢിയല്ലെന്ന് പറയാൻ സാധ്യതയുണ്ടായിരുന്നു. വാസ്തവത്തിൽ ഇക്കാലത്തും മിക്ക ആളുകളും ഈ വിഡ്ഢിത്തം ചെയ്തുവരുന്നത് ഞാൻ ഇപ്പോഴും കണ്ടിട്ടുണ്ട്. വേവാത്ത റൊട്ടി വളരെ താൽപര്യത്തോടെ തിന്നുന്നു. എന്തായാലും ഉമ്മ പറഞ്ഞ ഇക്കാര്യം ആ കുട്ടിയെ ആരോഗ്യവാനാക്കി വെക്കാൻ ഉപകരിച്ചു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഈ മുഖവുര ഞാൻ വിവരിച്ചത് (തന്റെ ഒരു ഖുത്ബയിൽ മതകാര്യങ്ങൾ വിവരിക്കുകയായിരുന്നു) ദുആയുടെ സ്വീകാര്യത്തെ കുറിച്ച് പറയുമ്പോൾ ചില ആളുകൾ മനസ്സിലാക്കുന്നത് ഇത് ചെറിയ ചെറിയ കാര്യങ്ങളാണ് വിവരിക്കപ്പെടുന്നതെന്നാണ്. ഞങ്ങൾക്ക് മുമ്പേതന്നെ ഇക്കാര്യങ്ങൾ അറിയുന്നതാണ്. പക്ഷേ, അറിവുണ്ടായിട്ടും അത് അനുസരിച്ച് പ്രവർത്തിക്കുന്നില്ല. അല്ലാഹു പറയുന്നു; ദുആ സ്വീകാരത്തിന് രണ്ടു അടിസ്ഥാനപരമായ നിബന്ധനയുണ്ട്. അതോർമ വെക്കേണ്ടതാണ്. ഫൽയസ്തജീബൂലീ വൽയുഅ്മിനൂബീ ഞാൻ പറയുന്നത് സ്വീകരിക്കുക. എന്നിൽ വിശ്വസിക്കുക. ഇതിനുപുറമേയും ഒരുപാട് കാര്യങ്ങളുണ്ട്. സ്വലാത്ത് ചൊല്ലുക, സ്വദഖ കൊടുക്കുക. പക്ഷേ, എന്തായാലും വിശുദ്ധ ഖുർആനിൽ ഈ രണ്ടു കാര്യങ്ങളാണ് വന്നിട്ടുള്ളത്. തങ്ങൾക്കറിയാമെന്ന് ആളുകൾ പറയുന്നു. അറിയാം പക്ഷേ, പ്രവർത്തിക്കുന്നില്ല. തങ്ങൾ ഒരുപാട് ദുആ ചെയ്തെന്നും അല്ലാഹു സ്വീകരിച്ചില്ലെന്നും പറഞ്ഞ് എനിക്ക് ഒരുപാടാളുകൾ എഴുതാറുമുണ്ട്. ഇത് അല്ലാഹുവിന്റെമേൽ ആക്ഷേപം ഉന്നയിക്കലാണ്. യഥാർഥത്തിൽ ഇത് വിശ്വാസദൗർബല്യവുമാണ്. കുറച്ചുദിവസമായി, ഒരാൾ എന്റെയടുത്ത് വന്നു. താനൊരുപാട് ദുആ ചെയ്തെന്നും തന്റെ ദുആ സ്വീകരിക്കപ്പെട്ടില്ലെന്നും പറഞ്ഞു. എന്താണ് കാരണം? ഞാൻ അദ്ദേഹത്തോടു ഇതുതന്നെയാണ് പറഞ്ഞത്, ഫൽയസ്തജീബൂലീ എന്റെ കല്പനകളനുസരിച്ച് നടക്കുക. താങ്കൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കാറുണ്ടോ? അദ്ദേഹം പറഞ്ഞു, ഇല്ല! അതുകൊണ്ട് ആദ്യം നമ്മുടെ അവസ്ഥകൾ-നമ്മൾ എത്രത്തോളം പ്രവർത്തിക്കുന്നുണ്ടെന്ന് നോക്കേണ്ടതാണ്. യുഅ്മിനൂബി അനുസരിച്ചും പ്രവർത്തനമില്ല. കാരണം ദുആ സ്വീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ അതിൽനിന്ന് നമ്മൾ മനസ്സിലാക്കുന്നത്, ഈ ദുആ സ്വീകരിക്കപ്പെട്ടില്ല, പ്രത്യക്ഷമായും പൂർത്തിയായിട്ടില്ല അതുകൊണ്ട് ഈമാൻ ബലഹീനമായി എന്നാണ്. അതിനാൽ ഈമാൻ ഹദ്റത്ത് ഇബ്റാഹീം(അ)ന്റേതായിരിക്കേണ്ടതാണ്. അതിനെക്കുറിച്ച് മുമ്പേ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. അതായത് നമ്മുടെ ബലഹീനതയെ നമ്മളിലേക്കുതന്നെ കുറിമാനമാക്കുക. വിജയത്തെ അല്ലാഹുവിലേക്ക് കുറിമാനമാക്കുക. പിന്നീട് അല്ലാഹു പറയുന്നു, ഈ അവസ്ഥ ഉണ്ടാകുകയാണെങ്കിൽ എന്റെ ദാസൻ എന്നിൽനിന്ന് ഇതു പ്രതീക്ഷിക്കുന്നതുകൊണ്ട് ഞാൻ അവന്റെ ദുആ സ്വീകരിക്കുന്നു. പിന്നീട് അല്ലാഹു ദുആ സ്വീകരിക്കുകയും ചെയ്യുന്നു. അല്ലാഹു നമുക്ക് അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ ഈമാൻ ശക്തിപ്പെടുത്തുമാറാകട്ടെ. നമ്മുടെ ദുആകൾക്കും സ്വീകാര്യയോഗ്യമായ പദവി നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഒരു ഗായിബ് ജനാസ നമസ്കരിപ്പിക്കുന്നതാണ്. അത് ഗ്ലാസ്ഗോയിലെ സയ്യിദ് നഈം ശാഹ് സാഹിബിന്റെ മകൻ സയ്യിദ് അസദുൽ ഇസ്ലാം ശാഹ് സാഹിബിന്റേതാണ്. ഇദ്ദേഹത്തിന്റെ പിതാവും സയ്യിദ് അസദുൽ ഇസ്ലാം ശാഹ് സാഹിബിന്റെ പിതാമഹനും പഴയ കുടുംബമാണ്, സേവനം ചെയ്തിരുന്നവരുമാണ്. 2016 മാർച്ച് 24 ന് 40-ാം വയസ്സിൽ ഒരു ഭീകരവാദിയുടെ ആക്രമണത്തിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മാർച്ച് 24-ന് ഗ്ലാസ്ഗോയിൽ തന്റെ കടയുടെ വെളിയിൽ ഗുരുതരമായി പരിക്കേറ്റ അവസ്ഥയിൽ കാണപ്പെട്ടു. അവിടെനിന്ന് അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചു കഴിഞ്ഞിരുന്നു. അഹ്മദിയായ കാരണത്താലാണ് അദ്ദേഹത്തെ ശഹീദാക്കിയത്. അദ്ദേഹം ജീവൻ ബലിയർപ്പിച്ചു. എന്തായാലും ശഹാദത്തിന്റെ സ്ഥാനം പ്രാപിച്ചു. പ്രസ്സും സർക്കാർ സ്ഥാപനങ്ങളും അനുശോചനവും ദുഃഖവും പ്രകടിപ്പിച്ചു. ഇവിടേയും ഭീകരവാദികളെ തടയേണ്ടത് സർക്കാറിന്റെ ജോലിയാണ്. മൗലവിമാർക്ക് തുറന്ന സ്വാതന്ത്ര്യം നല്കിയാൽ ഈ മൗലവിമാർ ഇവിടേയും, ഈ രാജ്യത്തും മറ്റു മുസ്ലിം രാഷ്ട്രങ്ങളിൽ അവർ ഉണ്ടാക്കിയിട്ടുള്ളതുപോലുള്ള അതേ കലഹങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കുന്നതാണ്.

1974-ൽ റബ്വയിലാണ് ജനിച്ചത്. എഫ് എസ് സി വിദ്യാഭ്യാസം നുസ്റത്ത് ജഹാൻ അക്കാഡമിയിൽനിന്ന് അദ്ദേഹം കരസ്ഥമാക്കി. 1998-ൽ ഇദ്ദേഹം ഗ്ലാസ്ഗോയിൽ വന്നു. തന്റെ പിതാവിനോടൊപ്പം കച്ചവടകാര്യങ്ങളിൽ പങ്കാളിയായി. വസിയ്യത്തും ചെയ്തിരുന്നു. കൃത്യമായി ചന്ദയും നല്കിയിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ റിപ്പോർട്ടനുസരിച്ച് ഖുദ്ദാമുൽ അഹ്മദിയ്യാ പരിപാടികളിൽ മുടങ്ങാതെ പങ്കെടുക്കാറുണ്ടയിരുന്നു. ഇജ്തിമാകളിലും പങ്കെടുത്തിരുന്നു. ചന്ദകൊടുത്തിരുന്നു. ജുമുഅ നമസ്കാരത്തിനും മുടങ്ങാതെ എത്താറുണ്ടായിരുന്നു. മിക്ക ഇജ്തിമാകളിലും അദ്ദേഹം പങ്കെടുത്തു. പരേതൻ ഡോക്ടർ നസ്വീറുദ്ദീൻ സാഹിബ് ഖമർ പെൻഷണർ സ്വദർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാന്റെ ജാമാതാവായിരുന്നു. കുറച്ചു കാലമായി വിവിധ ഘട്ടങ്ങളിൽ അദ്ദേഹത്തിന് മാനസികമായ രോഗവും വന്നുകൊണ്ടിരുന്നു. ഇക്കാരണത്താൽ മാനസികമായി വിഷമത്തിലായിരുന്നു. എന്തായാലും റീജ്യണൽ അമീർസാഹിബ് പറഞ്ഞു, അവസാനം ഞാൻ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ എപ്പോഴും ഖിലാഫത്തിനോടു ബന്ധം പ്രകടിപ്പിച്ചു. അദ്ദേഹം ജമാഅത്ത് വിട്ടുപോയിരുന്നുവെന്ന് ചിലർക്ക് തെറ്റായ ധാരണയുണ്ട്. അങ്ങനെയല്ല, അഹ്മദി തന്നെയായിരുന്നു. അഹ്മദിയ്യത്ത് കാരണത്താലാണ് ശഹീദാക്കപ്പെട്ടത്. മുടങ്ങാതെ അവസാനംവരെ പരിപാടികളിൽ, ഖുദ്ദാമുൽഅഹ്മദിയ്യായുടെ പരിപാടികളിലും ജമാഅത്തിന്റെ പരിപാടികളിലും പങ്കെടുത്തുകൊണ്ടിരുന്നു.

ശംസുദ്ദീൻ സാഹിബ് കബാബീറിലെ മുറബ്ബിയാണ്. അദ്ദേഹം എഴുതുന്നു: അസദ് സാഹിബിന്റെ ഭാര്യ ത്വയ്യിബ സാഹിബായുടെ ബന്ധം ഖാദിയാനുമായിട്ടാണ്. ഇവർ അദ്ദേഹത്തിന്റെ ഭാര്യയുടെ (ശംസുദ്ദീൻ സാഹിബിന്റെ ഭാര്യയുടെ)പിതൃവ്യസഹോദരിയാണ്. പറയുന്നു: കുറച്ചുവർഷംമുമ്പേ രണ്ടു പ്രാവശ്യം അദ്ദേഹത്തിന്റെ വീട്ടിൽ യാദൃച്ഛികമായി പോകാനിടയായി. ഒരു രാത്രി അവിടെ താമസിക്കാനും അവസരം കിട്ടി. രണ്ടു പ്രാവശ്യവും അദ്ദേഹം ഈ സാധുവിനോട് ജമാഅത്തിപരവും തബ്ലീഗുപരവുമായ പ്രവർത്തനങ്ങളെ കുറിച്ച് ചോദിച്ചുകൊണ്ടിരുന്നു. അതിനുപുറമെ ഭൗതികമായ ഒരു കാര്യത്തെ കുറിച്ചും സംസാരിച്ചില്ല. രണ്ടു രാത്രിയിലും അദ്ദേഹം തഹജ്ജുദ് നമസ്കരിക്കുന്നതു കണ്ടു.

അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ ബന്ധുക്കൾക്കും മാതാപിതാക്കൾക്കും ഭാര്യക്കും സമാധാനം നല്കുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ ഇന്ന് നമസ്കാരത്തിനുശേഷം ഞാൻ അദ്ദേഹത്തിന്റെ ജനാസഗായിബ് നമസ്കരിപ്പിക്കുന്നതാണ്.

“നമസ്കാരം മനുഷ്യന്റെ ഏലസാണ്. അഞ്ചുനേരം ദുആ ചെയ്യാനുള്ള അവസരം ലഭിക്കുന്നു. ഏതെങ്കിലും ദുആ സ്വീകരിക്കപ്പെടുമല്ലോ. അതുകൊണ്ട് നമസ്കാരം ഭംഗിയായി അനുഷ്ഠിക്കേണ്ടതാണ്. ഇതുതന്നെയാണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടത്.”(വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) -മൽഫൂദാത്ത് വാള്യം 1 പേജ് 394.

**ത്വാലിബെ ദുആ : അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 05 May 2016 Issue-9

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# അമീറുൽമുഅ്മിനീനും മുഅ്മിനീംകളും

**മൗലവി മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

വഴിതെറ്റി അലയുന്ന മനുഷ്യാത്മാക്കളെ നേർവഴിയിലാക്കുന്നതിനും ഏകദൈവവിശ്വാസത്തിൽ അവരെ ഉറപ്പിച്ചു നിറുത്തുന്നതിനുംവേണ്ടി അല്ലാഹുവിൽനിന്ന് നബി അല്ലെങ്കിൽ പ്രവാചകൻ ആഗതനാകുന്നതോടെ പുതിയൊരു ജനസമൂഹം ലോകത്ത് ജന്മം കൊള്ളുന്നു. വിവിധ മതവിശ്വാസക്കാരും വിവിധദേശക്കാരും ആദർശക്കാരും നിർമതവാദക്കാരും നിരീശ്വരക്കാരും കറുത്തവർഗക്കാരും വെളുത്തവർഗക്കാരും എന്നുവേണ്ട ലോകത്തുള്ള സകലമാ വിഭാഗങ്ങളിലുംപെട്ടവർ ചേർന്നാണ് പുതിയ സംഘം രൂപം കൊള്ളുന്നത്. ഇപ്പറഞ്ഞ ആളുകളുടെ മനസ്സിലുള്ള വിവിധ ആശയങ്ങളും വിഭിന്നങ്ങളായ വിശ്വാസങ്ങളും അവരിലെ പരസ്പര വിദ്വേഷവും അസൂയയും കുശുമ്പും വൈരാഗ്യവും അഹങ്കാരവും പൊങ്ങച്ചവും എല്ലാം നീങ്ങി, ദൈവനിയോഗിതൻ സമർപിക്കുന്ന ഒരേയൊരു വിശ്വാസപ്രമാണത്തിൽ അടിയുറച്ചു നില്ക്കുന്നവരായിരിക്കും അവർ. പിന്നെ ആ സമൂഹത്തിൽ വിശ്വാസപരമായ അഭിപ്രായവ്യത്യാസങ്ങൾക്കു സ്ഥാനമില്ല.

പ്രവാചകനെ അല്ലാഹു നേരിട്ട് തിരഞ്ഞെടുക്കുന്നു. പ്രവാചകന്റെ ദൗത്യം പൂർത്തിയാകുന്നതോടെ അദ്ദേഹത്തിന്റെ അനുയായികൾ പൂർണമായും പക്വത പ്രാപിക്കുന്നു. എത്രമാത്രമെന്നാൽ മുമ്പേ അല്ലാഹു അവരിൽനിന്ന് അവർക്കു മാർഗദർശകനായി ഒരാളെ തിരഞ്ഞെടുത്ത നല്കുകയാണ് ചെയ്തതെങ്കിൽ ഇപ്പോൾ അവർ സ്വയം തങ്ങളുടെ മാർഗദർശകനെ തിരഞ്ഞെടുക്കാൻ പ്രാപ്തരാകുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവരിലെ ഏറ്റവും നിസ്സാരനായ ഒരാളായിരിക്കും തിരഞ്ഞെടുക്കപ്പെടുന്നത്. പക്ഷേ, തന്റെ ഭക്തദാസർ തിരഞ്ഞെടുത്ത ആ വ്യക്തിയെ അല്ലാഹു അംഗീകരിക്കുന്നു. അതോടെ ലോകരുടെ ദൃഷ്ടിയിൽ നിസ്സാരനായിരുന്ന ആ വ്യക്തിയിൽ അത്ഭുതകരമായ മാറ്റം ഉണ്ടാകുന്നു. ആത്മീയതയുടെ തേജോവിലാസം അനുഗൃഹീതമായ ആ മുഖത്ത് പ്രോജ്ജ്വലിക്കുന്നു. ആ പ്രഭാവത്തിനു മുമ്പിൽ മറ്റുള്ളവർ നിഷ്പ്രഭരായിത്തീരുന്നു. അദ്ദേഹമാണ് പ്രവാചകന്റെ അല്ലെങ്കിൽ നബിയുടെ പ്രാതിനിധ്യം വഹിക്കുന്ന ഖലീഫ. സർവസാധാരണമായ ഈ തത്ത്വം കുബുദ്ധികൾക്കു മനസ്സിലായിക്കൊള്ളണമെന്നില്ല അതുകൊണ്ടവർ പിറുപിറുത്തു നടക്കും.

ആ ഖലീഫയുടെ ജീവിതവും നബിയെപ്പോലെ സംശുദ്ധവും മാതൃകാപരവുമായിരിക്കും. ഖലീഫയ്ക്ക് തന്റെ അനുയായികളോടും അനുയായികൾക്ക് തങ്ങളുടെ ഖലീഫയോടുമുള്ള ബന്ധം അല്ലാഹു സൃഷ്ടിക്കുന്നതാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ''നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹം സ്മരിക്കുവിൻ. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്വേന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഠത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് അവൻ നിങ്ങളെ രക്ഷിച്ചു.''(3:104)

അല്ലാഹു ഹൃദയങ്ങളെ തമ്മിൽ ഇണക്കിയിട്ടുള്ള ആ ഒരു വിഭാഗം ഇന്ന് അഹ്മദിയ്യഃ ജമാഅത്തു മാത്രമാണ്. അതിനെ തൊട്ടറിയാൻ ശ്രമിച്ചാൽ അക്കാര്യം ഓരോരുത്തർക്കും വ്യക്തമാകുന്നതാണ്. ഖലീഫയും അനുയായികളും തമ്മിലുള്ള ആ ബന്ധത്തിന്റെ ചില ഉദാഹരണങ്ങൾ സമർപിക്കുകയാണിവിടെ.

ജമാഅത്തിന്റെ സ്നേഹവും ആത്മാർഥതയും കണ്ടുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹുതആല ബിനസ്രിഹിൽ അസീസ് പറയുന്നു: ''ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രിയപ്പെട്ട ജമാഅത്ത് കാണിച്ച സന്തോഷവും അല്ലാഹുവിനെ സ്തുതിക്കലുമുണ്ടല്ലോ, അത് ഈ ജമാഅത്തിന്റെ മാത്രം പ്രത്യേകതയാണ്. അതു ഇന്ന് ഈ ജമാഅത്തിലല്ലാതെ ലോകത്ത് ഒരിടത്തും കാണുകയില്ല. ഈ ഒരു അടയാളം മാത്രം മതി ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന്; പക്ഷേ, മനസ്സിൽ ദൈവഭയം ഉണ്ടാകണമെന്നു മാത്രം. അല്ലാഹു സത്യവിശ്വാസികളുടെ ജമാഅത്തിന് പരലോകസ്വർഗത്തെ സംബന്ധിച്ച് സുവാർത്ത നല്കുമ്പോൾ, അതു പിന്നീടു കാണിക്കുമെന്ന വാഗ്ദാനം മാത്രമല്ല നല്കിയിട്ടുള്ളത്, പ്രത്യുത ഈ ലോകത്തും ആത്മാർഥതയുടേയും കൂറിന്റേയും സ്നേഹത്തിന്റേയും മാതൃക കാണിച്ചുകൊണ്ടു ഭാവിയിൽ സ്വർഗം നല്കുമെന്നു പറഞ്ഞിട്ടുള്ള വാഗ്ദാനത്തിനു കരുത്തു പകരുകയും ചെയ്യുന്നുണ്ട്. നിത്യേന വരുന്ന കത്തുകളിലൂടെ ഇതിന്റെ ദൃശ്യം ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. അതു കാണുമ്പോൾ അല്ലാഹുവിന്റെ സ്തുതിയാൽ മനസ്സ് തിങ്ങിനിറയുന്നു; നൂറുക്കണക്കിന്, ആയിരക്കണക്കിനു മൈൽ ദൂരെയുള്ള ഒരു വ്യക്തി അല്ലാഹുവിനുവേണ്ടി മാത്രം ഖലീഫയോടു സ്നേഹവും സന്തോഷവും കാണിക്കുകയാണ്. ഇവിടെയുള്ളതും ഇതേ അവസ്ഥ തന്നെയാണു. ഒരു വൈദ്യുതിപ്രവാഹംപോലെ പെട്ടെന്നാണ് അതേ വികാരങ്ങൾ ശരീരത്തിൽ പ്രവഹിക്കുന്നതു. അൽഹംദുലില്ലാഹ്, അൽഹംദുലില്ലാഹ്.'' (ഖുത്ബാത്തെ മൻസ്വൂർ വാല്യം 1 പേജ് 17, 2003)

ഖലീഫത്തുൽമസീഹ് പറയുന്നു: ''ഇപ്രകാരം തന്നെ ഫ്രാൻസിലെ ജൽസയും അതിന്റേതായ നിലയിൽ വളരെ വിജയമായിരുന്നു. അൽഹംദുലില്ലാഹ്. ഇവിടുത്തെ പ്രവർത്തകരും കൃതജ്ഞതയ്ക്കർഹരാണ്. ഇവിടുത്തെ ജൽസയുടെ ഏറ്റവും വലിയ പ്രത്യേകത എന്തായിരുന്നുവെന്നു വച്ചാൽ, വലിയൊരു വിഭാഗം അംഗങ്ങൾ പാകിസ്താനു വെളിയിലുള്ളവരാണ്. അവർ ആഫ്രിക്ക, അൾജീരിയ, മൊറോക്കൊ, ഫിലിപൈൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള അഹ്മദികളാണ്. എല്ലാവരും അത്യധികം ആവേശത്തോടും ഉത്സാഹത്തോടും അവരവരുടെ ചുമതലകൾ ഭംഗിയായി നിർവഹിച്ചു. ദീർഘകാലത്തെ പരിചയമുള്ളവരുടേതുപോലെയായിരുന്നു അവരുടെ പ്രവർത്തനം. അല്ലാഹു അവരുടെ ഈമാനിലും ആത്മാർഥതയിലും അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ഖിലാഫത്തിനോടും ജമാഅത്തിനോടുമുള്ള അവരുടെ സ്നേഹവും വിവരണാതീതമാണ്. അല്ലാഹു അതു വർധിപ്പിച്ചുകൊണ്ടിരിക്കുകയും ഉറച്ചുനില്ക്കാൻ കരുത്തു പകരുകയും ചെയ്യുമാറാകട്ടെ.''(ഖുത്ബാത്തെ മൻസ്വൂർ വാല്യം 1 പേജ് 322, 2003)

വീണ്ടും പറയുന്നു: ''ഇന്തോനേഷ്യക്കാരെക്കുറിച്ചാണ് ഞാൻ പറഞ്ഞു വന്നത്. അവരുടെ നെഞ്ചകങ്ങൾ വിശ്വാസപരമായ യുക്തിജ്ഞാനങ്ങൾകൊണ്ടു അല്ലാഹു നിറച്ചുകൊണ്ടിരിക്കുകയാണെന്ന് ഹ്ദറത്ത് മസീഹു മൗഊദ്(അ) പറയുകയുണ്ടായി. എല്ലായിടത്തും ആ ദൃശ്യം നല്ലവണ്ണം കാണാൻ കഴിഞ്ഞു. ഖുത്ബയ്ക്കു ശേഷം -അതിൽ സിംഗപൂരിലെ ഖുത്ബയെക്കുറിച്ചാണ് പ്രതിപാദിച്ചത്- പരസ്പരം ആശ്ലേഷിച്ച് ഇക്കൂട്ടർ വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു. തങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി അല്ലാഹു മാറ്റുമെന്നും അവന്റെ സഹായങ്ങളുടെ ദൃശ്യം കൂടുതൽ തങ്ങൾ കാണുമെന്നുമുള്ള കാര്യത്തിൽ ഉറച്ചു നില്ക്കുകയാണവർ. ഇൻശാഅല്ലാഹ്. സിംഗപ്പൂരിൽ മലേഷ്യയ്ക്കും ഇന്തോനേഷ്യയ്ക്കും- ഇവിടെ നിന്നാണ് ഏറ്റവും കുടുതലാളുകൾ പങ്കെടുത്തിരുന്നത്- പുറമെ മറ്റു ചില രാജ്യങ്ങളിൽനിന്നും കുറച്ചാളുകൾ വന്നിരുന്നു; ഫിലിപൈൻ, കമ്പോഡിയ, പാപ്വാനിയോ ഗിനി, തായ്ലാൻഡ്. അവരെല്ലവരും ദൈവകൃപയാൽ ആത്മാർഥതയുടേയും കൂറിന്റേയും മാതൃക കാഴ്ച വയ്ക്കുന്നവരായിരുന്നു. ചിലർ ബയ്അത്തു ചെയ്തിട്ട് കുറച്ചു വർഷമേ ആയിട്ടുള്ളു; പുരുഷന്മാരും, സ്ത്രീകളും. പക്ഷേ, അവരുടെ ഖിലാഫത്തിനോടുള്ള ബന്ധവും കൂറും അത്ഭുതമുളവാക്കുന്നതായിരുന്നു. അവിടെ വരാനും അവർക്കു കൂടുതൽ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വളരെ വളരെ ദൂരദൂര സ്ഥലങ്ങളിലാണ് അവർ വസിക്കുന്നത്. വാടകയ്ക്കു വണ്ടിപിടിച്ചാണ് അവർ അവിടെ എത്തിയത്. ടിക്കറ്റു തുടങ്ങിയവയ്ക്കു വൻചെലവാണ്. അവർ അല്ലാഹുവിന്റെ കക്ഷിക്കാരാണ്, അവരെ അവൻതന്നെ സംരക്ഷിക്കുമെന്ന് ഹ്ദറത്ത് മസീഹു മൗഊദ്(അ) പറഞ്ഞത് എത്ര വ്യക്തമായിട്ടാണ് പുലർന്നത്.'' (ഖുത്ബഃ ജുമുഅഃ 19-05-2006, ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് പറയുന്നു: ''ഇപ്പോൾ നടത്തിയ ആഫ്രിക്കൻ പര്യടനത്തിൽ കഴിഞ്ഞ വർഷത്തെപ്പോലെ ഇപ്രാവശ്യവും വിവിധരാജ്യങ്ങളിൽപ്പോയി അഹ്മദികളിൽ കണ്ട ആത്മാർഥതയുടേയും കൂറിന്റേയും ഒരു വിശദീകരണമുണ്ട്. ചിലതു അനുഭവിച്ചറിയാനെ കഴിയൂ, വിവരിക്കാൻ പറ്റുകയില്ല. തൻസാനിയായിലെ എല്ലാ റോഡുകളും സഞ്ചാരയോഗ്യമല്ല, ഒരു പട്ടണത്തിൽനിന്ന് മറ്റൊരു പട്ടണംവരെ എത്താൻ, 600-700 കിലോമീറ്റർയാത്ര ചെയ്യാൻ 8,10 ദിവസം വേണ്ടിവരും. അവിടെ ചെറിയൊരു വിമാനത്താവളമുണ്ട്. അവിടുത്തെ അങ്ങകലത്തുള്ള, മറ്റുള്ളവയെ അപേക്ഷിച്ച് വലിയൊരു പ്രദേശത്ത് ചെറിയൊരു വിമാനത്തിൽ ഞങ്ങൾ പോയി. **(തുടരും)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian,
Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor:H.Shamsuddin